മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

## ത്രൈമാസിക

വാല്യം 15
ലക്കം 01

WORSHIP - STUDY - SERVICE



iess
Integrated Enviroclean Systems & Solutions Pvt. Ltd.




Regd. Off: Thombra tower, Thaikkavau, Metro Pilar 212, Aluva, Kochi, Kerala India-683501
website: www.iessintl.com • Tel/ Fax: +91-484-2965250, Mob:7025597971
e-mail: Information: info@essintl.com • Enquiries: sales@essintl.com

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക

വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E--mail : orthodoxyuvajanam1936@gmail.com
facebook : Orthodox Christian Youth Movement Official






## പത്രാധിപ സമിതി

| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. വിജു ഏലിയാസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു (യൂഥിക) |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ, തേവർവേലിൽ<br>ബിബിൻ ബാബു, കരുവാറ്റ |


## ഉൾതാളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം.................................02
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

മുഖമൊഴി.................................05
യൂഥിക

ജനറൽ സെക്രട്ടറിയിൽ നിന്നും.................................06
ഫാ. വിജു ഏലിയാസ്

ലേഖനം.................................07
**വീണ്ടും ഒരു നോമ്പ് കാലം കൂടെ...**
ഷിജിയച്ചൻ കറ്റാനം

ഇടയസന്ദേശം.................................08
**നോമ്പ്; ദൈവതേജസിനെ ജ്വലിപ്പിക്കുന്ന മൂശ**
ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

അതിഥി പംക്തി.................................09
**അനുതാപത്തിലേക്കും ശുദ്ധീകരണത്തിലേക്കും നയിക്കുന്ന അർത്ഥവത്തായ നോമ്പാചരണം**
റവ: ഷിജോയ് എബ്രഹാം സഖറിയ


ലേഖനം.................................11
**മലങ്കര സഭാ ഭാസുരൻ: ക്രൈസ്തവ ലോകത്തെ ശ്രേഷ്ഠപിതാവ്**
ഫാ. ജോബ് സാം മാത്യു

ലേഖനം.................................13
**നോമ്പനുഷ്ഠാനം; അനശ്വരതയിലേക്കുള്ള ഒരു രുചിക്കൂട്ട്**
ഫാ. ഡോ. റെജി അലക്സാർ പുത്തൻകാവ്

സമകാലീനം.................................16
**മിന്നുന്നതെല്ലാം പൊന്നോ?**
ഫാ. ഡോ. റെന്നി തോമസ്

യുവതീപംക്തി.................................18
**യുവത്വത്തിന്റെ ദൈവീക മാതൃക; അബിഗേൽ**
അഞ്ജന റിബേക്ക റോയ്

കവിത.................................19
**നാലുവരി കവിത**
അൻസു ലൂക്ക്



# പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

**ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്ത**

**"എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."**

രക്ഷാകരമായ വലിയ നോമ്പിലേയ്ക്ക് പ. സഭ ഒരിക്കൽ കൂടെ എത്തിയിരിക്കുന്നു. 'അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപപ്പെട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ച് അറിയേണ്ടതിനും' ഉള്ള മാർഗ്ഗമായി വി. പൗലോസ് ശ്ലീഹാ വി. നോമ്പിനെ വീക്ഷിക്കുന്നു (ഫിലി. 3.10-11). "കർത്താവേ, നിന്റെ കല്പനകളുടെ വഴിയും നിന്റെ പ്രമാണങ്ങളുടെ അനുഷ്ഠാനവും നിന്നിലുള്ള വിശ്വാസത്തിന്റെ ജ്ഞാനവും വി. നോമ്പിലൂടെ ഞങ്ങളെ പഠിപ്പിക്കണമേ; ആത്മീയവും വിശുദ്ധവുമായ ഈ പോരാട്ടത്തിൽ വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്റെ തിരുമുമ്പാകെ ജീവിപ്പാൻ ഞങ്ങൾക്കു സംഗതിയാക്കണമേ" എന്ന ധ്യാനത്തോടെയാണ് പ്രാർത്ഥന ആരംഭിക്കുന്നത്.

അനാദിയിലെ സൃഷ്ടികർമ്മം മുതൽ ക്രിസ്തുജനനം വരെയുള്ള ചരിത്രത്തെ പ. സഭ ഓർത്ത് ധ്യാനിച്ചശേഷം ക്രിസ്തുവിൽ ജനിച്ച് വളർന്ന് അവന്റെ ശിഷ്യത്വത്തിലേയ്ക്ക് പ്രവേശിച്ചവരുടെ കൂട്ടമായി നിന്നുകൊണ്ടാണ് ഓരോ വർഷവും വി. വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുന്നത്. നിബിയന്മാരും ശ്ലീഹന്മാരും സഹദേന്മാരും പിതാക്കന്മാരും ആചാര്യശ്രേഷ്ഠരും വിശ്വാസികളായ സകല വാങ്ങിപ്പോയവരും ചേർന്നാണ് വി. നോമ്പിലേയ്ക്ക് പ്രവേശിക്കുന്നത് എന്നും നാം കണ്ടു. കൊത്ത്നേ ഞായറാഴ്ച മുതൽ അറിയിപ്പിന്റെ ശനിയാഴ്ച വരെയുള്ള ഏഴ് പൂർണ്ണ ആഴ്ചകൾ (49 ദിവസം) ആണ് ആരാധന സംവത്സരത്തിന്റെ മൂന്നാം കാലമായ വലിയ നോമ്പു കാലത്തിൽ ഉൾപ്പെടുന്നത്.

അമ്പതു നോമ്പെന്ന് നാം സാധാരണഭാഷയിൽ പറയുമെങ്കിലും കൊത്ത്നേ ഞായറാഴ്ച പേത്തുർത്തോ ആഘോഷിച്ച ശേഷം തിങ്കളാഴ്ച ആരംഭിക്കുന്ന നോമ്പിൽ കൃത്യമായി എണ്ണിയാൽ 48 ദിവസങ്ങളേ വരൂ എന്നും ഓർക്കണം. പഴയ - പുതിയ നിയമ പിതാക്കന്മാരും സഭാപിതാക്കന്മാരും അനുഷ്ഠിച്ച 40 നോമ്പിനോട് ചേർന്ന് (നാല്പതാം വെള്ളി) ഹാശാ ആഴ്ചയും ചേരുന്നതാണ് വലിയ നോമ്പു കാലം.

മോശയും ഏലിയാവും നോറ്റ വി. നോമ്പ് നമ്മുടെ കർത്താവും നോറ്റുവെന്ന് സുവിശേഷങ്ങളിൽ വ്യക്തമായി നാം വായിക്കുന്നു. വലിയ നോമ്പിന്റെ കാലഘട്ടത്തെ കർത്താവിന്റെ പരസ്യശുശ്രൂഷ കാലമായും പ. പിതാക്കന്മാർ വിവക്ഷിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ പരസ്യശുശ്രൂഷയുടെ ആരംഭമായ കാനാവിലെ കല്യാണവിരുന്നാണ് ആദ്യ ദിനത്തിൽ തന്നെ ധ്യാനിക്കുന്നത്. തന്റെ പരസ്യശുശ്രൂഷ കൊണ്ട് മനുഷ്യജാതിക്കു മാത്രമല്ല, പഞ്ചഭൂതങ്ങൾക്കും സർവ്വ പ്രപഞ്ചത്തിനും കേവല രൂപാന്തരം ഉണ്ടാകുന്നുവെന്നതാണ് വീഞ്ഞായി തീരുന്ന വെള്ളത്തിന്റെ പ്രതീകം. വി. വലിയനോമ്പിലെ ആരാധനയിൽ സന്ധ്യയിലും പ്രഭാതത്തിലും വേദപുസ്തക വായനയും ധ്യാനവും നിർബന്ധമാണ്. ഈ വായനകളെല്ലാം തന്നെ ക്രിസ്തുവിൽ പ്രാപിക്കുവാനിരിക്കുന്ന രക്ഷയുടെ അനുഭവങ്ങളാണ് വർണ്ണിക്കുന്നത് എന്ന് സൂക്ഷ്മപരിശോധനയിൽ കാണാം. ഏവൻഗേലിയോൻ വായനകളാകട്ടെ, ക്രിസ്തു ചെയ്യുന്ന അത്ഭുതങ്ങളും അടയാളങ്ങളും സംഭവങ്ങളും, പ്രത്യേകിച്ച് മനുഷ്യജീവിതത്തിന് ഗണ്യമായ മാറ്റം വരുത്തുന്ന രോഗസൗഖ്യങ്ങളുടെ വിവരണങ്ങളുമാണ് എന്നതും ശ്രദ്ധേയം.

തന്റെ പരസ്യ ശുശ്രൂഷയുടെ അന്ത്യത്തിൽ സർവ്വരേയും അതിൽ ചേർത്തു നിർത്തിക്കൊണ്ടാണ് താൻ യരുശലേമിലേയ്ക്ക് കയറുന്നത്. ബഥാന്യയിൽ വച്ച് മൃതലോകത്തു നിന്നും ലാസറിനെയും കൂട്ടത്തിൽ ചേർക്കുന്നുവെന്നും കാണുന്നു.



സർവ്വ പ്രപഞ്ചത്തെയും രക്ഷയിലേയ്ക്ക് നയിക്കുന്നുവെന്നതിനാലാണ് "രക്ഷാകരമായ വലിയ നോമ്പേ സമാധാനത്താലെ വരിക" എന്ന് നാം ആശംസാ പ്രാർത്ഥന നടത്തുന്നത്. ദിവസങ്ങളുടെ ദൈർഘ്യം നിമിത്തമല്ല; പുനരുത്ഥാനത്തിന്റെ വലിയ പെരുന്നാളിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം എന്നതിനാലാണ് ഈ നോമ്പിനെ വലിയ നോമ്പ് എന്ന് വിളിക്കുന്നത് എന്നും നാം അറിഞ്ഞിരിക്കണം.

വലിയ നോമ്പിന്റെ ആരംഭം മുതൽ അന്ത്യം വരെയും പുനരുത്ഥാനത്തിന്റെ സാക്ഷിയായുമൊക്കെ പ. ദൈവമാതാവിന്റെയും ശ്ലീഹന്മാരുടെയും സജീവ സാന്നിദ്ധ്യം കാണുന്നു. കാനാവിലെ കല്യാണവിരുന്നിൽ കർത്താവ് പോകുന്നത് തന്റെ അമ്മയോടും ശിഷ്യന്മാരോടും കൂടെയാണെന്ന് വി. യോഹന്നാൻ ശ്ലീഹാ പ്രത്യേകം പരാമർശിക്കുന്നു. ഇടയ്ക്കൊക്കെ പതറിപ്പോവുകയും ഒറ്റുകയും തള്ളിപ്പറയുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ആ യാത്രയിലുടനീളം ശിഷ്യന്മാർ കൂടെയുണ്ടായിരുന്നുവെന്നും ഓർക്കണം. പൗരസ്ത്യ സഭയുടെ ആരാധനയിൽ ഉടനീളം വി. ദൈവമാതാവിന്റെയും ശിഷ്യന്മാരുടെയും സാന്നിദ്ധ്യം ഉണ്ട് എന്ന് പ. സഭ പഠിപ്പിക്കുന്നതിന്റെ കാരണം ഇതാണ്. "യാചിക്കുന്നു! ഞങ്ങളോടൊപ്പം ഞങ്ങൾക്കായ് നീ പ്രാർത്ഥിക്ക" എന്നാണല്ലോ നാം അപേക്ഷിക്കുന്നത്. "നിഷ്ഠയിൽ നിന്നെ പ്രസവിച്ച..." എന്ന ഗാനത്തിലും ഈ ആശയം വിപുലീകരിക്കപ്പെട്ട് കാണുന്നു. "വി. മാതാവും വി. യൂഹാനോനും ഞങ്ങൾക്കു വേണ്ടി നിന്നോട് അപേക്ഷിക്കുന്നു; ഞങ്ങളോട് കരുണ ചെയ്യണമേ" എന്നാണല്ലോ വി. കുർബാനയുടെ ആരംഭം.

കൊത്ത്നേ ഞായറാഴ്ചയിലെ വായനകളിലെല്ലാം നിറഞ്ഞുനിൽക്കുന്ന ആശയം യഹോവ നശിപ്പിക്കുന്നവനല്ല, രൂപാന്തരപ്പെടുത്തുന്നവനാണ് എന്നതാണ്. മഹാപ്രളയത്തിനു ശേഷം യഹോവ നൽകുന്ന ഉടമ്പടിയാണ് ആദ്യ വായന. "അപ്പോൾ ഞാനും നിങ്ങളും സർവ്വ ജഡവുമായ സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും" (ഉല്പത്തി 9.12 – 21). നോഹയുടെ പെട്ടകം പ. സഭയുടെ ആദ്യ പ്രതീകവും ദൃഷ്ടാന്തവും ആണല്ലോ. "യഹോവേ ഉത്തരമരുളേണമേ" എന്ന ഏലിയാവിന്റെ ഹൃദയം നുറുങ്ങിയ പ്രാർത്ഥനയും തുടർന്ന് നടക്കുന്ന ബലിയുമാണ് അടുത്ത വായനയുടെ പ്രതിപാദ്യം (1 രാജാ. 18.29 – 46). ബാലിന്റെ പുരോഹിതന്മാരെ നിഗ്രഹിച്ച് സത്യവിശ്വാസത്തിലേയ്ക്ക് ജനതയെ തിരിക്കുകയും ദേശത്തിന് അനുഗ്രഹത്തിന്റെ മഴ നൽകുകയും ചെയ്യുന്ന ചിത്രമാണ് അവിടെ കാണുന്നത്. ഏലിയാവ് എന്ന പദത്തിന്റെ അർത്ഥം "എന്റെ ദൈവം യഹോവയാകുന്നു" എന്നാണല്ലോ. നോമ്പിന്റെ യഥാർത്ഥ അർത്ഥം പറഞ്ഞുതരുന്ന വായനയാണ് യെശയ്യാ പ്രവചനത്തിലും കാണുന്നത്. "അന്യായത്തിന്റെ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അണിക്കയറുകളെ അഴിച്ച് പീഡിതരെ സ്വതന്ത്രരാക്കുക; വിശപ്പുള്ളവന് അപ്പം കൊടുക്കുക; സാധുക്കളെ ചേർക്കുക; നഗ്നനെ ഉടുപ്പിക്കുക. അപ്പോൾ നിന്റെ പ്രകാശം ഉദിക്കുമെന്നും നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതി വരുമെന്നും നീതി നിനക്കു മുമ്പായി നടക്കുമെന്നും യഹോവയുടെ മഹത്വം നിന്റെ പിമ്പടയായിരിക്കുമെന്നും" നാം വായിക്കുന്നു (58.6 – 14).

കർത്താവിന്റെ കരങ്ങളാൽ പണിയപ്പെട്ട ഒരു സഭ അന്ത്യോക്യയിൽ ഉണ്ടാകുന്നതും 'പ്രബോധന പുത്രനായ ബർണബാസിനെ' യെരുശലേം സഭ അന്ത്യോക്യയിലേയ്ക്ക് അയക്കുകയും അദ്ദേഹം അവിടെ ശുശ്രൂഷ നടത്തുകയും അവിടെ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേര് ലഭിക്കുകയും ചെയ്യുന്ന സഭാചരിത്രഭാഗമാണ് ആദ്യ വായനയിൽ (അപ്പോ. പ്രവ. 11.19 – 26) കാണുന്നത്. ക്രിസ്തുവിൽ ആരംഭിച്ച സംരക്ഷിത സമൂഹത്തിന്റെ കൂടിവരവിനെ വി. നോമ്പിന്റെ പശ്ചാത്തലത്തിൽ സ്മരിക്കുന്നു.

പഴയ മനുഷ്യനെ പൂർണ്ണമായും ഉപേക്ഷിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവീൻ; ഭോഷ്ക്ക് ഉപേക്ഷിച്ച് സത്യം സംസാരിപ്പിൻ; കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; പിശാചിനു ഇടം കൊടുക്കരുത്; മുട്ടുള്ളവന് ദാനം ചെയ്യുവാനായി കൈ കൊണ്ട് നല്ലതു

പ്രവർത്തിച്ച് അദ്ധ്വാനിപ്പിൻ; കൃപ ലഭിക്കേണ്ടതിനായി ആത്മിക വർദ്ധനയ്ക്ക് ഉതകുന്ന നല്ല വാക്ക് സംസാരിപ്പിൻ; ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കരുത്; ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിപ്പിൻ എന്നിങ്ങനെ നോമ്പുകാലത്ത് നമ്മിൽ പ്രത്യേകം വളരേണ്ടതായ ക്രൈസ്തവ ധർമ്മ പ്രമാണവും എഫേസ്യരോടുള്ള വി. പൗലോസ് ശ്ലീഹായുടെ പ്രബോധനമായി രണ്ടാം ലേഖനത്തിൽ നാം ധ്യാനിക്കുന്നു.

രക്ഷകന്റെ മരുഭൂ വാസവും അതിന്റെ അന്ത്യത്തിൽ (നാല്പതാം നാൾ കഴിഞ്ഞപ്പോൾ) അവന് വിശക്കുന്നതും അപ്പോൾ സാത്താൻ അവന്റെ അടുക്കൽ വരുവാൻ ധൈര്യപ്പെടുന്നതും അവനെ പരീക്ഷിക്കുന്നതും എന്നാൽ ക്രിസ്തു സാത്താനെ തോല്പിച്ച് ഓടിക്കുന്നതുമായ ചിത്രം വലിയനോമ്പിലെ ഒരു അടിസ്ഥാന തത്വമാണ്. നോമ്പ് ശക്തിയാർജിക്കുമ്പോൾ സാത്താൻ സർവ്വ ശക്തിയും ഉപയോഗിച്ച് നോമ്പെടുക്കുന്നവനെ തകർക്കുവാൻ ശ്രമിക്കും. അവിടെ അവന്റെ പ്രലോഭനങ്ങളെ നിഷ്ക്കരുണം തള്ളിക്കളയുവാനുള്ള ആത്മീയ വൈരാഗ്യം നോമ്പെടുക്കുന്നവനിൽ ഉണ്ടാകണം. പിശാച് ദൈവസൃഷ്ടിയല്ലാത്തതിനാൽ അവന് നിത്യത ഇല്ല. എന്നാൽ അവന് കയറുവാൻ ഇടംകൊടുത്താൽ അവൻ നമ്മെ പൂർണ്ണമായും നശിപ്പിക്കുവാൻ മാത്രം ഛിദ്രശക്തിയുള്ളവനാണ് എന്ന് എപ്പോഴും ഓർക്കണം.

പിശാച് നമ്മിൽ വരുന്നത് ഭീകരരൂപിയായിട്ടല്ല, മൃദു ഭാവത്തിലാണ്. ആദ്യ നോട്ടത്തിൽ ഏറെ യുക്തിഭദ്രമായ ഉപദേശങ്ങൾ അവൻ നൽകും. വിശക്കുന്ന കർത്താവിനെ അവൻ പേടിപ്പിക്കുന്നില്ല; മറിച്ച് ഏറെ പ്രായോഗികവും കൃത്യതയാർന്നതുമായ ഒരു ഉപദേശമാണ് നൽകുന്നത് എന്ന് ഓർക്കണം; വിശക്കുന്നവന്റെ ദൈവം അപ്പമാണെന്നാണല്ലോ പ്രമാണം. അവിടെയാണ് അവൻ ആരംഭിക്കുന്നതും: "നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമാക്കി മാറ്റുവാനും അത് ആഹരിക്കുവാനും നിനക്കു കഴിയുമല്ലോ." സാധാരണ മനുഷ്യന് ഏറെ ഹൃദ്യമാകുന്ന ഉപദേശം. എന്നാൽ തന്റെ തപോശക്തി കേവല ഭക്ഷണ സുഖത്തിനു വേണ്ടിയുള്ളതല്ല എന്ന് കർത്താവ് ലോകത്തെ പഠിപ്പിക്കുന്നു. 'അപ്പമല്ല ദൈവവചനമാണ് എന്റെ ആഹാരം' എന്ന പ്രഖ്യാപനം!

ത്യാഗോജ്ജ്വലമായ സമ്പൂർണ്ണ വർജനമാണ് വി. നോമ്പ്. ഓരോ വർഷവും ഒരു വിശ്വാസി അനുഷ്ഠിക്കേണ്ട സന്യാസകാലമാണ് വലിയ നോമ്പു കാലം. കാമ്യങ്ങളായ കർമ്മങ്ങളെ ന്യസിക്കുന്നവൻ അഥവാ സമ്യക്ക് ന്യസ്ഥനത്തിൽ ആകുന്നവനാണ് യഥാർത്ഥ സന്യാസി. ഭുജിക്കുവാനല്ല; ത്യജിക്കുവാനും നാം പഠിക്കണം. 'തേന ത്യക്ത്തേന ഭുജ്ജിത:' എന്നാണല്ലോ പണ്ഡിത മതം.

യഥാർത്ഥ ഉപവാസത്തോടും പ്രാർത്ഥനയോടും സാഷ്ടാംഗപ്രണാമത്തോടും ദണ്ഡനമസ്ക്കാരത്തോടും കൂടെ ദാന ധർമ്മാദികളിൽ ശ്രദ്ധയൂന്നി ക്രിസ്തുവിനോടൊപ്പം ഈ മരുഭൂ യാത്ര പൂർത്തീകരിക്കുവാനും അങ്ങനെ അവന്റെ കഷ്ടാനുഭവത്തിലും മരണത്തിലും പങ്കാളിയായി പുതുമയിലേയ്ക്ക് ഉയിർക്കപ്പെടുവാനും ഈ വലിയ നോമ്പ് നമ്മെ ശക്തരാക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

# വനിതാ സംഗമം – 'ഇടം 2024'



മാവേലിക്കര ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കരുവാറ്റ സെന്റ് ജെയിംസ് യുവജനപ്രസ്ഥാനത്തിനോട്ചേർന്ന് വനിതാ സംഗമം 'ഇടം 2024' നടത്തപ്പെട്ടു. ഭദ്രാസനത്തിലെ നൂറോളം വനിതകൾ പങ്കെടുത്ത ചടങ്ങിന് മാവേലിക്കര ഭദ്രാസനം യുവജന പ്രസ്ഥാന വൈസ് പ്രസിഡന്റ് റവ :ഫാ അജി ഗീവർഗീസ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രശസ്ത സാമൂഹിക പ്രവർത്തക ജിജി മാരിയോ മുഖ്യ സന്ദേശം നൽകി. യുവജനപ്രസ്ഥാന ഭദ്രാസന സെക്രട്ടറി അബിൻ വള്ളികുന്നം, കേന്ദ്ര കമ്മിറ്റി അംഗങ്ങളായ അബി എബ്രഹാം കോശി, ബിബിൻ ബാബു കരുവാറ്റ, ഭദ്രാസന കമ്മറ്റി അംഗങ്ങളായ എബി വർഗീസ്, ഷാലു എന്നിവർ ആശംസകൾ അറിയിച്ചു, സെന്റ് ജെയിംസ് യുവജനപ്രസ്ഥാനം അംഗം ഫെബ യോഗത്തിന് നന്ദി അറിയിച്ചു.

# EDITORIAL



വസന്തവും ഗ്രീഷ്മവും ശൈത്യവും ഹേമന്തവും തുടങ്ങിയ ഋതുകൾ മാറി വരുമ്പോഴും വസന്തത്തിന് വല്ലാത്ത ആകർഷണമുണ്ട്...
പുതുജീവന്റെ പുൽനാമ്പിനെ ജനിപ്പിക്കുന്ന കാലത്തിന്റെ കരവിരുതാണത്.
ഓരോ നോമ്പ് കാലവും ആത്മീയതയുടെ വസന്തകാലമാണ്.
ഉപവാസ നിലത്ത് പ്രാർത്ഥനയുടെ നനവാൽ
അനുതാപത്തിന്റെ ശിഖരങ്ങളിൽ തളിരിടുന്ന വസന്തമാണ് നോമ്പ്...
വിനയാന്വിതമായി... നിഷ്ഠയോടെ.... നീതിയാൽ നോമ്പേൽക്കുന്നവന്റെ ബാഹ്യവും അന്തരികവുമായ തളിരിടലിന്റെ വസന്തമാണ് ഈ വ്രതകാലം.

'വന്ന് കാണുക'.. എന്ന് പീലിപ്പോസും
'തിരിച്ചു കൊണ്ട് വരിക' എന്ന് യാക്കോബും പറയുന്നു ....
നോമ്പിന്റെ പശ്ചാത്തലത്തിൽ ഹൃദയത്തിൽ സൂക്ഷിക്കേണ്ടുന്ന രണ്ട് പ്രസ്ഥാവന കളാണ് ഇത്...

സത്യത്തെ അന്വേഷിക്കുന്ന നഥാനിയേലിനെയും,
സത്യം വിട്ടു പോയ ജനങ്ങളെ തിരിച്ചുകൊണ്ടുവരുവാനുമുള്ള ശ്ലീഹന്മാരുടെ വ്യത്യസ്ത പശ്ചാത്തലത്തിലുള്ള പ്രസ്ഥാവനകളാണിത്...

നോമ്പ് അനുഭവിച്ച് അറിയേണ്ടുന്ന സത്യ വസന്തമാണ്.
നഷ്ടമാക്കിയ വസന്തത്തെ വന്നു കാണാനും ഉണ്മയുടെ വസന്തത്തിലേക്ക് അപരനെ തിരിച്ച് കൊണ്ടുവരാനും സാധിക്കുമ്പോഴാണ് ബാഹ്യവും ആന്തരിക വുമായ സമൃദ്ധിയുടെ നോമ്പിൽ വസന്ത സൗരഭ്യം അവനവനിൽ സുഗന്ധ പൂരിതമാകുന്നത്.

നഷ്ടപ്പെടുത്തിയ ആത്മീയ വസന്ത ദിനങ്ങളെ പിൻപറ്റുവാൻ അനുതാപത്തിന്റെ കണ്ണീർ പൂക്കളുടെ ഗന്ധം വഴിക്കാട്ടികളാകട്ടെ....

എം.ടി യുടെ 'കോട്ടയുടെ നിഴൽ' എന്ന കഥയിൽ ഇപ്രകാരമൊരു ആത്മഗത മുണ്ട് 'പൊയ്പ്പോയ സുന്ദര ദിനങ്ങളേ, നിങ്ങളുടെ അസ്ഥിമാടത്തിൽ ഞാന ിന്ന് കണ്ണുനീർ കൊണ്ട് പുഷ്പാർച്ചന ചെയ്യുകയാണ് '

നോമ്പിന്റെ സുന്ദര വസന്ത ദിനങ്ങളെ നമുക്ക് സത്യ വസന്തങ്ങളുടെ വിളനിലമാക്കാം....

സ്നേഹപൂർവം,
**ഫാ. ലൂക്ക് ബാബു (യൂഥിക)**
ചീഫ് എഡിറ്റർ



**ഫാ. വിജു ഏലിയാസ്**
(ജനറൽ സെക്രട്ടറി)

## ജനറൽ സെക്രട്ടറിയുടെ കത്ത്

*2024 ഫെബ്രുവരി 25-ാം തീയതി കോട്ടയത്ത് വെച്ച് നടന്ന മാർത്തോമ്മൻ പൈതൃക സമ്മേളനത്തിൽ യുവജനപ്രസ്ഥാനങ്ങളുടെ സജീവ സാന്നിദ്ധ്യം ഏറെ ശ്രദ്ധിക്കപ്പെട്ടു. പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളുടെയും ഊർജസ്വലമായ പങ്കാളിത്തം ആദിയോടന്തം ഉണ്ടായിരുന്നത് ശ്ലാഘനീയമാണ്. ഈ പൈതൃക സമ്മേളനത്തിന് മുന്നോടിയായി നടത്തപ്പെട്ട പബ്ലിസിറ്റി ഏറെ പ്രയോജനപ്രദമായി എന്ന് കരുതുന്നു. പബ്ലിസിറ്റി പ്രവർത്തനങ്ങൾ നടത്തിയ വിവിധ റീജിയണുകൾക്കും, ഭദ്രാസനങ്ങൾക്കും, യൂണിറ്റുകൾക്കും പ്രത്യേകമായ നന്ദിയും സ്നേഹവും യുവജനപ്രസ്ഥാനംകേന്ദ്രകമ്മിറ്റിക്കുവേണ്ടി അറിയിച്ചുകൊള്ളട്ടെ.*

*2024 മാർച്ച് 17-ാം തീയതി ഞായറാഴ്ച സഭാ കാതോലിക്കാ ദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം എല്ലാ യൂണിറ്റ് തലങ്ങളിലും കാതോലിക്കാദിനം സമുചിതമായി ആഘോഷിക്കേണ്ടതാണ്. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കാതോലിക്ക പതാക ഉയർത്തുവാനും റാലികൾ നടത്തുവാനും കാതോലിക്കേറ്റിന്റെ പ്രസക്തിയെക്കുറിച്ച് ജനങ്ങളെയും പ്രത്യേകിച്ച് കുഞ്ഞുങ്ങളെയും യുവാക്കളെയും ബോധവൽക്കരിക്കുവാനുള്ള ശ്രമങ്ങൾനടത്തണം.*

*സ്നേഹപൂർവ്വം,*
*ജനറൽ സെക്രട്ടറി*


# ഒ.സി.വൈ.എം കേന്ദ്ര കലാമേള – 'ജ്വാല 2024'




ഒ.സി.വൈ.എം. കേന്ദ്ര കലാമേള **'ജ്വാല 2024'** തിരുവല്ല എം.ജി.എം ഹയർ സെക്കണ്ടറി സ്കൂളിലെ മാർ ഒസ്താത്തിയോസ് നഗറിൽ നടത്തപ്പെട്ടു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ 'ജ്വാല 2024' ഉദ്ഘാടനം ചെയ്തു. ഒന്നാണന്നുള്ള ബോധം ഉയർത്തുന്നതിനും പൈതൃക മൂല്യങ്ങൾ കൈമാറുന്നതിനും കലാമേളയുടെ പങ്ക് വലുതാണെന്നുമുള്ള സന്ദേശം പരിശുദ്ധ കാതോലിക്കാ ബാവ നൽകി. കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണം നിർവഹിച്ചു. ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, യുവജന പ്രസ്ഥാനം മുൻ കേന്ദ്ര ജനറൽ സെക്രട്ടറി കെ. എം മാത്യു, ചലച്ചിത്ര നടി ക്രിസ്റ്റി ബെന്നറ്റ്, യുവജന പ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറാർ പേൾ കണ്ണേത്ത്, ജനറൽ കൺവീനർ ജോജി പി. തോമസ്, സ്കൂൾ പ്രിൻസിപ്പാൾ പി. കെ തോമസ്, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, ഭദ്രാസന സെക്രട്ടറി ഡോ. കുറിയാക്കോസ് വി. കോച്ചേരി, കലാമേള ജോയിന്റ് സെക്രട്ടറി അനീഷ് ജേക്കബ് എന്നിവർ പ്രസംഗിച്ചു. നവതി സ്മരണിക പ്രകാശനം പരിശുദ്ധ കാതോലിക്കാ ബാവ നിർവഹിച്ചു. കെ.എം മാത്യു, ക്രിസ്റ്റി ബെനറ്റ് എന്നിവരെ ആദരിച്ചു. കലാമേളയിൽ കൂടുതൽ പോയിന്റുകൾ നേടി കുന്നംകുളം ഭദ്രാസനം ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. മാവേലിക്കര, ചെങ്ങന്നൂർ എന്നീ ഭദ്രാസനങ്ങൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കലാമേളയുടെ സമാപന സമ്മേളനം കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ് അധ്യക്ഷത വഹിച്ചു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ആയിരത്തിലധികം മത്സരാർത്ഥികൾ പങ്കെടുത്തു.



# വീണ്ടും ഒരു നോമ്പ് കാലം കൂടെ...



**ഷിജിയച്ചൻ, കറ്റാനം**
(വൈസ് പ്രസിഡന്റ്)

ധൂർത്തപുത്രൻ പിതാവിന്റെയടുത്ത് ഓടി എത്തിയതുപോലെ ദൈവസ്നേഹത്തിലേക്ക് ഓടിയെത്താനുള്ള കാലം... ക്രൈസ്തവരെ സംബന്ധിച്ച് ഇത് ക്രിസ്തുവിന്റെ പീഢാനുഭവങ്ങളുടെയും കുരിശുമരണത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും ഓർമ്മകൾ വിരിയുന്ന കാലം. ക്രിസ്തു നമുക്ക് വേണ്ടി അനുഭവിച്ച നൊമ്പരങ്ങളിൽ നാം പങ്കാളികളാകുന്നു. നോമ്പിന് അകവും പുറവും ഉണ്ട്. ബാഹ്യമായ ത്യാഗങ്ങളാണ് പുറം. ഭക്ഷ്യപദാർത്ഥങ്ങളിലും, ആഢംബരങ്ങളിലുമുള്ള നിയന്ത്രണവും, ഒരുമിച്ചുള്ള പ്രാർത്ഥനകളുമാണ് അത്.

മനുഷ്യസാദൃശ്യം പൂണ്ട് കുരിശുമരണത്തോളം താഴ്ത്തിയ കർത്താവിന്റെ ജീവിതശൈലി പിൻതുടരുകയാണ് അകം. നോമ്പനുഷ്ഠാനം നമ്മിലേക്ക് ഒതുങ്ങുവാനുള്ളതല്ല. നമ്മിലേക്ക് തിരിയുവാനും അപരനിലേക്ക് ഉയരുവാനുമുള്ളതാണ്. ശരീരത്തെക്കാൾ ആത്മാവിന് പ്രാധാന്യം നൽകി അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തുവാനുള്ള കാലമാണിത്. അപ്പോൾ കരുണയും സ്നേഹവുമൊക്കെ ജീവിതത്തിൽ ഉണ്ടാകും. ആ സ്നേഹം ക്രിസ്തുസ്നേഹമായി രൂപാന്തരപ്പെടുമ്പോൾ അപരന്റെ ജീവനെ ഹനിക്കുന്നതല്ല മറിച്ച് ജീവന് കാവലേകുന്നതാണ് ക്രൈസ്തവ ധർമ്മം.

ഒരു ചെറുപ്പക്കാരനെ ക്രൂരമായി വേട്ടയാടി കൊലചെയ്തപ്പോൾ നോക്കിനിന്ന് അപരന്റെ വേദനകളിൽ ആനന്ദം കണ്ടെത്തിയ കുറേപേർ, അതേസമയം പ്രതികരിക്കേണ്ടവർ മൗനം പാലിക്കുകയും അവന് ഭക്ഷണം പോലും കൊടുക്കാതെ നീചമായി പീഡിപ്പിച്ച് കെട്ടിതൂക്കിയ നരഭോജികളുടെ കാലം. ക്രിസ്തുവിന്റെ ക്രൂശ് മരണത്തെയാണ് ഇത് ഓർമ്മിപ്പിക്കുന്നത്. ആ കാലത്തെപ്പോലെ ആർജ്ജവത്തോടെ ചോദിപ്പാൻ കഴിവുള്ള നിക്കോദിമോസും യോസപ്പും ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സത്യം ഉയർത്തെഴുന്നേറ്റപ്പോലെ നമുക്കും ഉയർക്കാം. സത്യവും നീതിയും സംരക്ഷിക്കപ്പെടുവാനായ്... ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.

## ജ്വാല 2024 ജേതാക്കൾ



ഒന്നാം സ്ഥാനം : കുന്നംകുളം ഭദ്രാസനം



രണ്ടാം സ്ഥാനം : മാവേലിക്കര ഭദ്രാസനം



മൂന്നാം സ്ഥാനം : ചെങ്ങന്നൂർ ഭദ്രാസനം



# നോമ്പ്; ദൈവതേജസിനെ ജ്വലിപ്പിക്കുന്ന മൂശ

**ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത** (ചെങ്ങന്നൂർ ഭദ്രാസനം)

വി. സഭയെ സംബന്ധിച്ച് പ്രധാനമായും അഞ്ച് നോമ്പുകൾ ആണ് ഉള്ളത് .. മൂന്ന് നോമ്പ് , വലിയ നോമ്പ് , പതിനഞ്ചു നോമ്പ് , ഇരുപത്തി അഞ്ചു നോമ്പ് , ശ്ലീഹ നോമ്പ്.. ഇതിൽ മൂന്ന് നോമ്പ് ഒഴികെ ബാക്കി ഉള്ളവ എല്ലാം യേശുതമ്പുരാനുമായി ബന്ധപ്പെട്ടിട്ടുള്ള നോമ്പുകൾ ആണ് .. മൂന്ന് നോമ്പ് അഥവാ നിനവേ നോമ്പ് അനുതാപത്തിന്റെ നോമ്പ് ആയി സഭപഠിപ്പിക്കുന്നു... ഇത് കൂടാതെ ബുധൻ, വെള്ളി ദിവസങ്ങൾ വി. സഭ നോമ്പ് ദിനങ്ങൾ ആയി വേർതിരിച്ച് ആചരിക്കുന്നു.

എല്ലാ നോമ്പുകളുടെയും ആത്യന്തിക ലക്ഷ്യം മനുഷ്യ മനസിന്റെ മനസാന്തരവയും, ക്രിസ്തുവിനോട് ഒപ്പമുള്ള ജീവിതവും, നിത്യജീവിതത്തിന്റെ അവകാശവുമാണ്... നോമ്പ് നോക്കുന്നവർ മാലാഖാമാർക്ക് തുല്യരാകുന്നു എന്ന് വി. സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു. ആത്മ ശരീര, മനസുകളുടെ ശുദ്ധീകരണം ആണ് നോമ്പിന്റെ ഫലം എന്ന് പറയുന്നത്.. മനസിന്റെ ശുദ്ധികരണം കൂടാതെ ആരും ദൈവത്തെ കാണുവാൻ കഴിയുന്നതല്ല എന്ന് തിരുവചനം സാക്ഷിക്കുന്നു.. ദൈവ തേജസിനെ തന്നിലേക്ക് സ്വാംശീകരിക്കുന്ന സമർപ്പണത്തിന്റെ നാളുകൾ ആണ് നോമ്പ് കാലം . ഭൗതീകതയിൽ നിന്ന് മാറി നിൽക്കുവാനും , നമ്മിലെ 'ഞാൻ' എന്ന ഭാവത്തെ ക്രിസ്തു ഭാവത്തിലേക്ക് സന്നിവേശിപ്പിക്കുവാനും നോമ്പ് നമ്മെ പ്രാപ്തമാക്കുന്നു.

ശാരീരികമായ ശുദ്ധികരണം നടക്കുന്ന കാലമാണ് നോമ്പ് കാലം . എല്ലാത്തിനെയും ആഹരിച്ച് ഇഷ്ടം പോലെ ജീവിക്കുന്ന സാഹചര്യത്തിൽ നിന്ന് ഒരു മാറ്റം എന്ന് പറയുമ്പോൾ ആദ്യം അല്പം പ്രയാസം ഒക്കെ തോന്നിയാലും വി. നോമ്പിനോട് ഒന്നിച്ചു യാത്ര ആരംഭിച്ചു കഴിയുമ്പോൾ ശരീരത്തിൽ ഉണ്ടാകുന്ന മാറ്റവും, മുഖ തേജസും ആത്മീയമായി ലഭിക്കുന്ന ദൈവതേജസിന്റെ നേർകാഴ്ച യാണ് എന്ന് നാം തിരിച്ചറിയണം. ക്രിസ്തുഭാവത്തിലേക്ക് നാം അറിയാതെ തന്നെ ഈ ജീവിതചര്യ നമ്മെ നയിക്കും എന്നതിന് സംശയമില്ല.

ഭക്ഷണം മാത്രം വെടിഞ്ഞുള്ള നോമ്പ് വ്യർത്ഥമാണ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു .. നോമ്പൊടൊപ്പം ഇഴമുറിയാത്ത പ്രാർത്ഥനായതും , ജാകരണവും നോമ്പിനെ ശ്രേഷ്ഠമാക്കുന്നു.. മറ്റുള്ളവരെ കാണുവാനും, കരുതുവാനും കണ്ണുകൾക്ക് തെളിമ നൽകുന്ന കാലമാണ് നോമ്പ് കാലം.

നോമ്പ് സ്വർഗ്ഗത്തിലേക്ക് കയറ്റുന്ന ഗോവണിയാണ്.. ഭക്തിയുടെയും വിശുദ്ധിയുടെയും നിഷ്ഠയിൽ ആത്മശരീര മനസ്സുകൾക്ക് ഉണ്ടാകുന്ന ശക്തിയാണ് നോമ്പിൽ വെളിപ്പെടുന്നത്. അതേ വിശുദ്ധിയോടെ നോമ്പിനെ സമീപിക്കുമ്പോൾ പുണ്യം നേടുവാനും, മറ്റുള്ളവർക്ക് കൊടുക്കുവാനുമുള്ള അവസരമായി നോമ്പുകാലം മാറുന്നു. നോമ്പുകാലം അനുതാപത്തിന്റെ കാലമാണ്. നമ്മിലേക്ക് തന്നെ നോക്കുവാനും,നമ്മെ തിരിച്ചറിയുവാൻ നോമ്പുകാലം നാം മാറ്റിയെടുക്കണം. നമുക്ക് നമ്മെ മനസ്സിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ അപരനെ എങ്ങനെ മനസ്സിലാക്കുവാൻ കഴിയും, നമ്മുടെ സഹോദരനെ നമുക്ക് കാണുവാൻ കഴിയുന്നില്ലെങ്കിൽ ദൈവത്തെ എങ്ങനെ കാണുവാൻ കഴിയും.. ഒരു തുറവിയുടെ അനുഭവമാണ് നോമ്പുകാലം..

സോഷ്യൽ മീഡിയയുടെ അതിപ്രസരമുള്ള കാലമാണ് ഇത്. നോമ്പുകാലങ്ങൾ അത് അർഹിക്കുന്ന വിശുദ്ധിയോടെ ആചരിക്കണമെങ്കിൽ ഇതിന്റെ ദുരുപയോഗം മനസ്സിലാക്കി പ്രവർത്തിച്ചെങ്കിലെ സാധിക്കുകയുള്ളൂ. നോമ്പിന്റെ വിശുദ്ധയ്ക്ക് വിഘാതമായി നിൽക്കുന്ന എല്ലാ സാഹചര്യങ്ങളിൽ നിന്നും മാറിനിൽക്കുക എന്ന ഉത്തരവാദിത്വമാണ് ഓരോ നോമ്പുകാരനും ഉണ്ടാകേണ്ടത്..

സത്യവിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് അനുതാപത്തോടും കണ്ണീരോടും പ്രാർത്ഥനയോടും കൂടെ പരിശുദ്ധ നോമ്പിനെ നമുക്ക് വരവേൽക്കാം.. പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപോവുകയില്ല എന്ന് തിരുവചനം നമ്മെ ഓർമിപ്പിക്കുന്നുവല്ലോ. വിശുദ്ധിയോടെ നോമ്പ് നോക്കുവാൻ നമുക്ക് സാധിക്കട്ടെ.. ദൈവസത്തയെ സാംശീകരിക്കുവാൻ അതുമൂലം ഇടയാകട്ടെ. ക്രിസ്തുഭാവം ഉൾക്കൊള്ളുന്ന ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കട്ടെ. വിശുദ്ധ നോമ്പേ സമാധാനത്തോടെ വരിക.

ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം ത്രൈമാസിക



# അനുതാപത്തിലേക്കും ശുദ്ധീകരണത്തിലേക്കും നയിക്കുന്ന അർത്ഥവത്തായ നോമ്പാചരണം

**റവ: ഷിജോയ് എബ്രഹാം സഖറിയ**
(അസ്സി.പ്രൊഫസർ, സെറാമ്പൂർ കോളേജ്, പശ്ചിമബംഗാൾ)


ക്രിസ്തു ശരീരമായ സഭയുടെ അംഗങ്ങളായ നാം വീണ്ടും ഒരു വലിയ നോമ്പു കാലഘട്ടത്തിലേക്കു പ്രവേശിക്കുകയാണല്ലോ. നോമ്പു കാലം നമ്മെ സത്യാനുതാപം, ശുദ്ധീകരണം, പുനരർപ്പണം മുതലായ നന്മകളിലേക്കു നയിക്കുന്നു. നോമ്പിന്റെ ആംഗലേയ പദമാണ് Lent. ഇത് ഉരുത്തിരിഞ്ഞത് നാൽപതു/നാല്പതാമത്തേത് എന്നർത്ഥം വരുന്ന 'QuadragesImsa' എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ്. പാശ്ചാത്യ സഭകൾ തങ്ങളുടെ സഭാ പഞ്ചാംഗം അനുസരിച്ച് ചാമ്പൽ ബുധനാഴ്ച മുതൽ ഉയിർപ്പു ഞായർ വരെയുള്ള നാൽപതു ദിനങ്ങൾ നോമ്പ് ആചരിക്കുന്നു. എന്നാൽ പൗരസ്ത്യ സഭകൾ നമ്മുടെ കർത്താവിന്റെ മരുഭൂമിയിലെ നാൽപതു ദിനരാത്രങ്ങളിലെ ഉപവാസം, പീഢാനുഭവം, ക്രൂശു മരണം, കബറടക്കം ഉൾപ്പെടെ ഉയിർപ്പു ഞായർ വരെ അമ്പതു ദിവസത്തെ നോമ്പായി വേർതിരിച്ചു ആചരിച്ചു വരുന്നു.

കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ഭാഗ്യം നല്കുന്നവയും പ്രകാശം നിറഞ്ഞിരിക്കുന്നവയുമായ രശ്മികളാൽ നമ്മുടെ ജീവിതം പ്രകാശപൂരിതമാകണമെങ്കിൽ ക്രിസ്തു സഞ്ചരിച്ച സഹന പാതയിലൂടെ വിശ്വാസ സമൂഹം നോമ്പ് നാളുകളിൽ സഞ്ചരിക്കണം. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കാനായി മനുഷ്യപുത്രൻ വന്നു എന്ന് അരുളിച്ചെയ്ത യേശു നാഥന്റെ ജീവിതം മനുഷ്യനിർമ്മിത അതിർവരമ്പുകളെ അതിജീവിച്ചു സകല സൃഷ്ടിയെയും കരുതുവാനും ഉൾക്കൊള്ളുവാനുമുള്ള വിളിയിലേക്കു നമ്മെ നയിക്കുന്നു. കാലത്തിന്റെ ഗതിയിൽ നമ്മിൽ നിന്നും നഷ്ടപ്പെട്ടു പോയിക്കൊണ്ടിരിക്കുന്ന പള്ളിയാരാധനയിലെ പങ്കാളിത്തം, കുടുംബപ്രാർത്ഥന, തിരുവചന ധ്യാനം, സമർപ്പണം, പരസ്പര സ്നേഹ-ബഹുമാനാദികൾ, സാമൂഹ്യ മര്യാദകൾ, ആത്ഥ്യ സംസ്കാരം മുതലായ ശ്രേഷ്ഠ ക്രിസ്തീയ മൂല്യങ്ങളെ കണ്ടെത്തി നമ്മുടെ ആത്മീയ-പ്രവർത്തിപഥത്തിൽ പുനഃസ്ഥാപിക്കുന്നതിനുള്ള ജാഗ്രതയും അർത്ഥവത്തായ നോമ്പാചരണത്തിലൂടെ നാം വളർത്തിയെടുക്കണം.

നോമ്പു കാലം ക്രിസ്ത്യാനികൾക്ക് പുണ്യ ദിനങ്ങൾ ആകുന്നു. വിശ്വാസികൾ നോമ്പു ദിനങ്ങളിൽ ഉപവാസം അനുഷ്ഠിക്കുക, ആഗ്രഹങ്ങളും ആശകളും വെടിയുക, ഭക്ഷണക്രമത്തിൽ മത്സ്യ-മാംസാദികൾ വർജ്ജിക്കുക, ആഢംബരങ്ങൾ ധൂർത്ത് എന്നിവ ഒഴിവാക്കുക എന്നതെല്ലാം നോമ്പു കാലത്തെ പൊതു താത്പര്യങ്ങളാകുന്നു. സ്വയശിക്ഷണത്തിലൂടെ മദ്യപാനം, പുകവലി, ലഹരി ഉപയോഗം എന്നിവ വർജ്ജിക്കുന്നവരുടെയും, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുന്നതിലേക്കു സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തി പൊതുഗതാഗത സംവിധാനങ്ങളെ ആശ്രയിക്കുന്നവരുടെയും, സൈബർ-സമൂഹ മാധ്യമ ലോകത്തു വ്യയം ചെയ്യുന്ന അമിത സമയം ഉപേക്ഷിക്കുന്നവരുടെ എണ്ണവും നാം അധിവസിക്കുന്ന സമകാലീന ലോകത്തിൽ നോമ്പു ദിനങ്ങളിൽ വർധിച്ചു വരുന്നുണ്ട്.

ഭക്ഷണ പദാർത്ഥങ്ങൾ മാത്രമല്ല, നമ്മുടെ കോപം, ക്രോധം, അസൂയ, ജഢമോഹം, കൺമോഹം, ജീവനപ്രതാപം എല്ലാം വെടിഞ്ഞു വേണം നാം ഉപവസിക്കുവാൻ, പാപബോധവും, പശ്ചാത്താപവും വർദ്ധിപ്പിക്കണേ എന്നും, പുതിയൊരു ജീവൻ നൽകി രക്ഷിക്കണമേ എന്നുമുള്ള പ്രാർത്ഥനകൾ നോമ്പുകാല പ്രത്യേകതകളാണ്. പാപം രോഗമാണെന്നും, ഈ രോഗത്തിൽ നിന്നുമുള്ള ശമനം പാപിക്ക് ആവശ്യമാണെന്നും സഭ നമ്മെ പഠിപ്പിക്കുന്നു.

നോമ്പുകാലം ഉപവാസത്തിനും ധ്യാനത്തിനും കൂടുതൽ പ്രാധാന്യം നൽകി സഭ വേർതിരിച്ചിരിക്കുന്ന സന്ദർഭമാണല്ലോ. അനുതാപമാണ് ഉപവാസത്തിന്റെ പ്രധാന ചൈതന്യം. ഉപവാസം എന്നാൽ ഉപം (ഒരുമിച്ചു) + വാസം (ജീവിക്കുക). ദൈവത്തോടൊരുമിച്ചു ജീവിക്കുക എന്നാണർത്ഥം. നമ്മുടെ കർത്താവും, ദൈവപുരുഷനായ മോശെയും, ഏലിയാ പ്രവാചകനും നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചതു പോലെ തീവ്രമായ അന്വേഷണങ്ങളുടെയും, ആത്മാർത്ഥമായ പ്രാർത്ഥനയുടെയും നിമിഷങ്ങൾ വിശുദ്ധ നോമ്പനുഭവത്തിലൂടെ സംജാതമാകുന്നു. ആയതു നമ്മെ അലക്ഷ്യമായ ജീവിതയാത്രയിൽ നിന്നും ക്രമമുള്ള ഒരു ജീവിതാവസ്ഥയിലേക്ക് നയിക്കുന്നു. തന്മൂലം നമ്മിൽ വിളങ്ങുന്ന ശ്രേഷ്ഠ വരങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ നമ്മെ ദൈവത്തിങ്കലേക്കും ദൈവീകസൃഷ്ടിയോടുള്ള അനുരഞ്ജനത്തിലേക്കും അടുപ്പിക്കുന്നു.



**ഒന്നിനെ മറ്റൊന്നുമായി വേർപെടുത്താൻ സാധ്യമാകാത്ത വിധത്തിൽ പ്രാർത്ഥനയും ഉപവാസവും ഒരുമിച്ചു പോകണം.**

ഉന്നതമായ ഉപവാസം, അഥവാ നോമ്പു അനുഷ്ഠാനം ഔഷധമാണ് എന്ന് സഭാപിതാവായ മാർ അപ്രേം പ്രസ്താവിച്ചിട്ടുണ്ട്. പ്രാർത്ഥനയുടെ ചൈതന്യം നമ്മിൽ കുറഞ്ഞിട്ടുണ്ടെങ്കിൽ അത് നികത്തി വേണം നോമ്പ് അനുഷ്ഠിക്കാൻ. ഒന്നിനെ മറ്റൊന്നുമായി വേർപെടുത്താൻ സാധ്യമാകാത്ത വിധത്തിൽ പ്രാർത്ഥനയും ഉപവാസവും ഒരുമിച്ചു പോകണം. മനുഷ്യന്റെ ആദ്യപാപം ആദാമിന്റെയും ഹവ്വയുടെയും ഭക്ഷണപ്രീയത്തിൽ നിന്നുമാണുണ്ടായത്. എന്നാൽ തന്റെ നാൽപതു ദിവസത്തെ ഉപവാസത്താൽ ആ പാപത്തെ അതിജീവിക്കാൻ യേശു നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥന കേൾക്കുന്ന കർത്താവു പ്രാർത്ഥിച്ചുകൊണ്ടും ഉപവാസം സ്വീകരിക്കുന്ന കർത്താവു ഉപവസിച്ചുകൊണ്ടും മാതൃക കാട്ടിയിരിക്കുന്നു. നാം ലോകത്തിൽ നിന്ന് അന്യരാകുന്നതിനല്ല പ്രത്യുത തിരുവചനാടിസ്ഥാന പ്രകാരമുള്ള ജീവിത ശൈലിയിലൂടെ ഇഹലോക ജീവിതത്തിന്റെ വ്യതിരിക്തതങ്ങളായ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള സമർപ്പണത്തിലേക്കും നിശ്ചയദാർഢ്യത്തിലേക്കും നോമ്പാചരണം നമ്മെ ക്ഷണിക്കുന്നു.

യെശയ്യാ 58:5-7 യഥാർത്ഥ നോമ്പിന്റെ തിരുവചനാടിസ്ഥാനം പങ്കുവയ്ക്കുന്നു."എനിക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിന്നോ നീ നോമ്പെന്നും യഹോവെക്കു പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നതു? അന്യായബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക, എല്ലാനുകത്തെയും തകർക്കുക, ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നേ മറെക്കാതെയിരിക്കുന്നതും അല്ലയോ?

ഈ ദർശനമാണ് വേദപുസ്തക പഠിതാക്കളുടെ ഇടയിൽ Nazareth Manifest`o എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലൂക്കോസ് 4;18-19ൽ യേശു കർത്താവു പങ്കുവയ്ക്കുന്നത്. മനുഷ്യപുത്രന്റെ വീണ്ടും വരവിൽ തന്റെ സൃഷ്ടിയോട് ന്യായാധിപനായ കർത്താവു ആരായുന്നതും ന്യായവിധി നാളിനായി ഒരുങ്ങുന്ന നമ്മുടെ ഇഹലോക ജീവിതത്തിൽ നിന്നും പ്രതീക്ഷിക്കുന്നതും ഈ ദൃശ്യ അനുഭവങ്ങളാണ് (മത്തായി 25;31-46).

നോമ്പു ആത്മ പരിശോധനയ്ക്കായി നമ്മെ നിരന്തരം ക്ഷണിക്കുന്നു. സമകാലീന ലോകക്രമത്തിലെ മാധ്യമ സംസ്കാരം വാണിജ്യതാത്പര്യത്തോടെ സൃഷ്ടിച്ചു വിടുന്ന ട്രെന്റുകളുടെ (പ്രവണതകൾ) പിന്നാലെയുള്ള പരക്കം പാച്ചിലും അവയുടെ അനുകരണവും മലങ്കരയിലെ നസ്രാണികളുടെ പ്രത്യേകിച്ചും യുവജനങ്ങളുടെ ഇടയിൽ നമ്മുടെ തനിമയും, സ്വത്വവും വിശ്വാസപൈതൃകവും ചോദ്യം ചെയ്യുന്ന തരത്തിൽ അപകടകരമാം വിധം വർദ്ധിക്കുന്നു. "നാം സാഹചര്യങ്ങളുടെ സൃഷ്ടിയാകുന്നതിനല്ല പിന്നെയൊ സാഹചര്യങ്ങളെ സൃഷ്ടിക്കാനായി വിളിക്കപ്പെട്ടിരിക്കുന്നു" എന്ന് ഭാഗ്യസ്മരണീയനായ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപോലീത്ത പ്രസ്താവിച്ചിട്ടുണ്ട്.

കർത്താവിൽ പ്രിയ യുവ സ്നേഹിതരെ, വിശ്വാസ സമൂഹമേ, ചുറ്റുപാടുകളുടെ സമ്മർദ്ദത്താൽ വിശ്വാസ ജീവിത പ്രമാണങ്ങളെയും മൂല്യങ്ങളെയും ബലി കഴിക്കുന്നതിനല്ല, പ്രത്യുത അവയിൽ ഉറച്ചു നിന്ന് വ്യത്യസ്തമായി വിവിധ സ്വാധീനങ്ങൾ മൂലം സാംസ്കാരികാധപതനത്തിലേക്കു നീങ്ങുന്ന പൊതു സമൂഹത്തിൽ തിരുത്തൽ-ശക്തിയായി വർത്തിക്കുന്നതിന് ദൈവം നമ്മെ വിളിക്കുന്നു. ആയതിനാൽ ഈ നോമ്പു കാലം നമ്മുടെ കുറവുകളെ തിരിച്ചറിയുവാൻ, അനുതപിക്കുവാൻ, തിരുത്തുവാൻ, പുതുക്കപ്പെടുവാൻ തന്മൂലം ദൈവത്തോടും സമസൃഷ്ടങ്ങളോടും അനുരഞ്ജനപ്പെട്ടു പ്രത്യാശ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്തിൽ പ്രതീക്ഷ പകരുന്ന ക്രിസ്തു സാന്നിധ്യങ്ങളായിത്തീരുവാൻ ദൈവം തന്റെ കൃപയാൽ നമ്മെ ശാക്തീകരിക്കുമാറാകട്ടെ.

# മലങ്കര സഭാ ഭാസുരൻ: ക്രൈസ്തവ ലോകത്തെ ശ്രേഷ്ഠപിതാവ്



**ഫാ. ജോബ് സാം മാത്യു**
(അധ്യാപകൻ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

ആഗോള ക്രൈസ്തവ ചരിത്രത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയ വ്യക്തിയാണ് മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി. അർത്ഥവത്തായ ആത്മീക ചൈതന്യവും ഫലപ്രദമായ ഭരണനിർവഹണവും ത്യാഗനിർഭരമായ ഇടയശുശ്രൂഷയും വഴി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച പിതാവാണ് ഈ പുണ്യശ്ലോകൻ. സങ്കീർത്തനക്കാരൻ ഓർമ്മിപ്പിക്കുന്നത് പോലെ 'നീതിമാൻ എന്നേക്കും ഓർമ്മയിൽ ഇരിക്കും' (സങ്കീ. 112:6) എന്നത് ഈ പുണ്യപിതാവിന്റെ ജീവിതത്തെ സംബന്ധിച്ച് അർത്ഥവത്താണ്. അദ്ദേഹത്തിന്റെ കബറിടത്തിൽ ആലേഖനം ചെയ്തിരിക്കുന്നതു പോലെ 'Time will not dim his glory' ഇവിടെ അർത്ഥവത്താകുന്നു.



സഭാ ഭാസുരന്റെ ജീവിതത്തെ നാം വിശകലനത്തിനു വിധേയമാക്കുമ്പോൾ മൂന്നു തലങ്ങളിൽ അത് സജീവമായി നിലനിൽക്കുന്നു.

### 1. ഭക്തിനിർഭരവും നിർമലവുമായ പ്രാർത്ഥനാജീവിതം

ഒരു മുടക്കവും കൂടാതെ നമസ്കാരങ്ങളും രഹസ്യ പ്രാർത്ഥനയും നോമ്പും ഉപവാസവും അദ്ദേഹം അനുഷ്ഠിച്ചു. കൂദാശകളിൽ ഭക്തിയോടും വിനയത്തോടും ശ്രദ്ധയോടും പങ്കെടുത്തു. ഋഷി തുല്യമായ ജീവിതം നയിച്ച അദ്ദേഹം പ്രകടനാത്മകതയ്ക്കും അഹങ്കാരത്തിനും മുതിർന്നില്ല. ആരെങ്കിലും അപ്രകാരം പ്രവർത്തിച്ചാൽ കർശനമായി അവരെ ശാസിച്ചു. പരിശുദ്ധ പരുമല തിരുമേനിയിൽ നിന്നും പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ തിരുമേനിയിൽ നിന്നും ലഭ്യമായ ആത്മീക ശിക്ഷണം അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതത്തിനു മുതൽക്കൂട്ടായി. പൗരസ്ത്യ ആത്മീകതയുടെ സൗകുമാര്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും വിശ്വാസിസമൂഹം ദർശിച്ചു. ജീവിതത്തിൽ ഉടനീളം വിവിധ പ്രതിസന്ധികളും പ്രലോഭനങ്ങളും ശാരീരികവും മാനസികവുമായ അവഹേളനവും ഉണ്ടായപ്പോൾ ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് അദ്ദേഹം ഊർജ്ജം കണ്ടെത്തി. ദൈവസന്നിധിയിൽ സുതാര്യമായി നിന്നതിനാൽ അദ്ദേഹം ജീവിതവിശുദ്ധിയുള്ള വ്യക്തിയാണ് എന്ന് എതിരാളികൾ പോലും തിരിച്ചറിഞ്ഞു. എല്ലാം ദൈവത്തിന്റെ നിശ്ചയപ്രകാരം നടക്കുന്നു എന്നും ആത്യന്തികമായി ദൈവനീതിയാണ് നടപ്പിലാകുന്നത് എന്നും തിരുവചന പാരായണം, ധ്യാനം, സജീവ മായ കൗദാശിക പങ്കാളിത്തം എന്നിവയിലൂടെ അദ്ദേഹം മനസ്സിലാക്കി. വട്ടശ്ശേരിൽ തിരുമേനിയുടെ ആധ്യാത്മിക ജീവിതം അതിശ്രേഷ്ഠം എന്ന് നാനാജാതി മതസ്ഥരായ ആളുകൾ സാക്ഷിക്കുന്നുണ്ട്.

### 2. കർമകുശലതയും സ്ഥിരത്സാഹവും

പ്രക്ഷുബ്ധമായ ഒരു സാഹചര്യത്തിലാണ് ഈ പുണ്യപിതാവ് മലങ്കര സഭയുടെ ചുമതലയിലേക്ക് എത്തുന്നത്. അന്ത്യോക്യൻ പാത്രിയർക്കീസായ അബ്ദുള്ള രണ്ടാമൻ, മലങ്കര സഭയുടെ ആത്മീകവും ഭൗതികവുമായ

വിഷയങ്ങളിൽ അനധികൃതമായി കടന്നുകയറാനും നിയന്ത്രിക്കാനും ആധിപത്യം ഉറപ്പിക്കുവാനും ശ്രമിക്കുന്നത് സഭാ ഭാസുരൻ തടഞ്ഞു. എന്നാൽ പോർവിളികളോ ആരവങ്ങളോ ഉയർത്താതെ ക്രിസ്തീയമായ നിലയിൽ അതിനെ അഭിസംബോധന ചെയ്യുന്ന നയമാണ് ഈ പിതാവ് സ്വീകരിച്ചത്. 1912 സെപ്റ്റംബർ 15ന് മലങ്കര സഭയിൽ അതിന്റെ തദ്ദേശീയതയും മാർത്തോമൻ പൈതൃകവും ഉൾഭരണസ്വാതന്ത്ര്യവും നിലനിർത്തുന്നതിന്റെ ഭാഗമായി കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ, അതിനു മുഖ്യ കാര്യദർശിയായി പ്രവർത്തിച്ചത് വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്യാസിയോസ് മെത്രാപ്പോലീത്തയാണ്. എല്ലാം ദൈവസന്നിധിയിൽ സമർപ്പിച്ചു. സുപ്രധാനമായ തീരുമാനങ്ങൾ എടുക്കേണ്ടുന്ന സന്ദർഭത്തിൽ മലങ്കര അസോസിയേഷന്റെ അഭിപ്രായം കൃത്യമായി തിരക്കി. മലങ്കര മെത്രാപ്പോലീത്ത സ്ഥാനം, അതിന്റെ പ്രാധാന്യം എന്നിവ തിരിച്ചറിഞ്ഞ അദ്ദേഹം ആ സ്ഥാനത്തിന്റെ മഹിമയ്ക്ക് ഒത്തവിധത്തിൽ പ്രവർത്തിച്ചു. പഴയ സെമിനാരിയും സഭയുടെ സ്വത്തുക്കളും അന്യാധീനപ്പെടാതെ സംരക്ഷിച്ചു. ദീർഘകാലം കോടതി വ്യവഹാരങ്ങളിൽ ഏർപ്പെട്ടു എങ്കിലും സമാധാനം ഉണ്ടാക്കുന്നതിന് അദ്ദേഹം അശ്രാന്ത പരിശ്രമം ചെയ്തു. ഇതിന്റെ ഭാഗമായി 1923 ൽ ദുഷ്കരമായ മർദ്ദിൻ യാത്രയും നടത്തി. തന്റെ അന്ത്യകാലത്ത്, ഈ സഭയുടെ സുഖമവും സുതാര്യവുമായ ഭരണനിർവഹണത്തിന് ഒരു ഭരണഘടന ഉണ്ടാകണം എന്ന ദർശനത്തിന്റെ ഭാഗമായി, ഭരണഘടനയുടെ ഒരു ഡ്രാഫ്റ്റ് അദ്ദേഹം തയ്യാറാക്കി. അദ്ദേഹത്തിന്റെ കാലശേഷമാണ് മലങ്കര സഭയുടെ ഭരണഘടന അംഗീകരിക്കപ്പെട്ടത്.

### 3. ചലനാത്മകമായ ഇടയശുശ്രൂഷയും സാമൂഹിക ഇടപെടലും

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായിരുന്ന വട്ടശ്ശേരിൽ തിരുമേനി സഭയുടെ പുരോഗതിക്ക് ആവശ്യമായ നിരവധി സംഭാവനകളും മാതൃകകളും നൽകിയിട്ടുണ്ട്. അദ്ദേഹം രചിച്ച മതോപദേശസാരം എന്ന ഗ്രന്ഥം ചരിത്രത്തിൽ ഇദംപ്രഥമമായിരുന്നു. ദൈവാത്മാവിൽ നിറഞ്ഞ അദ്ദേഹം കൃത്യമായ വീക്ഷണത്തോടെ സഭയെ നയിച്ചു. ഒരു ഉത്തമ പഠിതാവും അധ്യാപകനും പ്രബോധകനും ആയിരുന്ന ഈ പിതാവ് സഭയുടെ ചരിത്രം, കാനോൻ നിയമങ്ങൾ, ആരാധന, വേദശാസ്ത്രം എന്നിവയിൽ അഗാധ പാണ്ഡിത്യം ഉള്ള വ്യക്തിയായിരുന്നു. കാലഘട്ടത്തിന്റെ സ്പന്ദനങ്ങളെ മനസ്സിലാക്കി ആരാധന ക്രമങ്ങൾ മലയാളത്തിലേക്ക് അദ്ദേഹം പരിഭാഷപ്പെടുത്തി. അദ്ദേഹത്തിന്റെ ഭരണകാലത്ത് രൂപപ്പെട്ട എം ജി ഒ സി എസ് എം, മർത്തമറിയം വനിതാ സമാജം, സ്ളീബാദാസ സമൂഹം എന്നീ പ്രസ്ഥാനങ്ങൾക്ക് പ്രാർത്ഥനാപൂർണ്ണമായ പിന്തുണയും പ്രോത്സാഹനവും നൽകി. വൈദിക വിദ്യാഭ്യാസത്തിന് അദ്ദേഹം മേൽനോട്ടം വഹിച്ചു. വട്ടശ്ശേരിൽ തിരുമേനി പരിശുദ്ധ സഭയ്ക്ക് നൽകിയ സംഭാവനകളിൽ സുപ്രധാനമായത് സഭയുടെ വളർച്ചയെ ലക്ഷ്യമാക്കി ഒരു മികച്ച നിരയെ വാർത്തെടുത്തതാണ്. രണ്ടും മൂന്നും കാതോലിക്കാമാരെയും പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയെയും പാമ്പാടി കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയെയും പാറാട്ട് ഗീവർഗീസ് മാർ ഇവാനിയോസ് തിരുമേനിയെയും അദ്ദേഹം സഭാനേതൃത്വം പരിശീലിപ്പിച്ച് കൊണ്ടുവന്നു.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ ശ്രേഷ്ഠമാണ്. ഈ പൗരാണിക സഭ വൈദേശിക ആധിപത്യത്തിന്റെ കീഴിൽപ്പെട്ട് ഞെരിഞ്ഞമരാതെ അതിന്റെ സ്വത്വവും സ്വാതന്ത്ര്യവും നിലനിർത്തി മുന്നോട്ടു പോകുന്നതിന് ആവശ്യമായ കൈത്താങ്ങ് ജീവിതത്തിൽ ഉടനീളം നൽകിയ ഈ പുണ്യശ്ലോകനായ പിതാവിന്റെ പ്രാർത്ഥനയും മധ്യസ്ഥതയും നമുക്കേവർക്കും കോട്ടയായിരിക്കട്ടെ.

**യുവജനം ത്രൈമാസികയിൽ മിതമായ നിരക്കിൽ പരസ്യങ്ങൾ നൽകാം**

വിവാഹം, വിവാഹ വാർഷികം, മാമോദീസ, ശുഭ മുഹൂർത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ...
നമ്മുടെ സ്ഥാപനങ്ങൾ, സംരംഭങ്ങൾ തുടങ്ങിയ വ മറ്റുള്ളവരെ അറിയിക്കാൻ...
പ്രിയപ്പെട്ടവരുടെ വാങ്ങിപ്പിന്റെ പാവനസ്മരണകൾ ഓർമിക്കുവാൻ....

**കൂടുതൽ വിവരങ്ങൾക്ക്** :
**ബിബിൻ ബാബു കരുവാറ്റ (9633805405), റ്റിബിൻ ചാക്കോ തേവർവേലിൽ (8086189918)**

ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം
ത്രൈമാസിക

# നോമ്പനുഷ്ഠാനം ; അനശ്വരതയിലേക്കുള്ള ഒരു രുചിക്കൂട്ട്



**ഫാ. ഡോ. റെജി അലക്സാർ പുത്തൻകാവ്**
(കണ്ടനാട് ഈസ്റ്റ് വൈദീക സെക്രട്ടറി)

*'നോമ്പ് ഒരു അഭ്യാസമല്ലേ അപ്പച്ചാ....,*
*എല്ലാവർഷവും നടത്തിവരാറുള്ള ഒരു ആചാരം....'*

ആ ചെറുക്കന്റെ ചോദ്യം കേട്ടപാടെ അപ്പച്ചൻ ഒരല്പം നെറ്റി ചുളിച്ചു...

അല്ല അപ്പച്ചാ.. നോക്കിക്കേ!

കള്ളപ്പണക്കാരൻ വറീതും, തട്ടിപ്പുകാരൻ സക്കായും, പരദൂഷണക്കാരി റാഹേലും പിന്നെ വേണ്ട എല്ലാ ഉടായിപ്പുകളും നോമ്പിൽ ആണെന്നല്ലേ പറയുന്നേ.. ഓരോ വർഷം കഴിയുമ്പോഴും ഇതുങ്ങളൊന്നും നന്നാവുന്നുമില്ല എന്നതുകൊണ്ട് തന്നെ നോമ്പ് ചുമ്മാ ഒരു ചടങ്ങല്ലേ അപ്പച്ചാ.. കൊച്ചു മകന്റെ പുതിയ സിദ്ധാന്തം കേട്ട മാത്രയിൽ തന്നെ അയാൾ തന്റെ കയ്യിൽ ഇരുന്ന പുസ്തകം അടച്ചുവെച്ചു. പിന്നെ ഒരു ആത്മഗതമായി ഇങ്ങനെ പറഞ്ഞു

'അവനെ പറഞ്ഞിട്ട് എന്ത് കാര്യം?'

ഞാനും അവന്റെ ചോദ്യങ്ങളിൽ കൂടെ പലപ്പോഴും സഞ്ചരിച്ചിരുന്നതായിരുന്നല്ലോ... വദനം നിറഞ്ഞ പുഞ്ചിരിയുമായി അയാൾ അവനെ നോക്കി.. എന്നിട്ട് ഇങ്ങനെ പതുക്കെ പറഞ്ഞു തുടങ്ങി... മകനെ, നോമ്പ് ഒരു ചടങ്ങോ അനുഷ്ഠാനമോ മാത്രമല്ല... പിന്നെയോ ലോകത്തിൽ ആരും പെട്ടെന്ന് ഇഷ്ടപ്പെടാത്ത അഥവാ ആഗ്രഹിക്കാത്ത ഒരു അനുഭവത്തെ വളരെ ഇഷ്ടത്തോടെ ഉൾക്കൊള്ളുകയാണ് നാം നോമ്പിലൂടെ...

നിനച്ചിരിക്കാത്ത നേരത്ത് അതിഥിയായി എത്തുന്ന മരണത്തെ സ്വീകരിക്കുന്ന ഏതു മനുഷ്യനും പലപ്പോഴും ജീവിതത്തിന്റെ നല്ല അനുഭവങ്ങളിൽ നിന്ന് പറിച്ചുമാറ്റപ്പെടുകയാണ്.. ഉറ്റവരോട് ഉടയവരോട് യാത്ര ചോദിക്കുവാൻ സാധ്യമാകാതെ... തന്നിൽ നിക്ഷിപ്തമായിരുന്നതും, താൻ സമ്പാദിച്ചു കൂട്ടിയതുമായ എല്ലാമെല്ലാം ആരെയും ഏൽപ്പിക്കുവാൻ സാധ്യമാകാതെ ബാക്കി വച്ചിട്ട് നിർബന്ധിതമായി യാത്രയാകേണ്ടിവരുന്ന മനുഷ്യന്റെ നിസ്സഹായകതയിൽ നിന്ന് അവനെത്തന്നെ ശക്തനാക്കാനുള്ള ഒരു സാധ്യതയാണ് നോമ്പ്...

പറഞ്ഞ കാര്യത്തോട് വലിയ ഗൗരവം കാണിക്കാതെ ഇരുന്ന ആ ചെറുപ്പക്കാരന്റെ ചിന്തയിൽ എന്തോ വെട്ടമുദിച്ചതുപോലെ അവൻ അയാളെ ശ്രദ്ധിക്കുവാൻ തുടങ്ങി. അത് തിരിച്ചറിഞ്ഞിട്ടെന്നവണ്ണം ആകണം അയാൾ വീണ്ടും പറഞ്ഞു തുടങ്ങി..

ഓരോ മനുഷ്യന്റെയും ജീവിതത്തിൽ അനിവാര്യമായി കടന്നുവരുന്ന മരണം എന്ന യാഥാർത്ഥ്യത്തെ മുമ്പ് തന്നെ ഓരോരുത്തർക്കും അറിയുവാൻ ഉള്ള വരം ലഭ്യമായിരുന്നുവെങ്കിൽ അവർ എപ്രകാരം



ഒരുക്കമുള്ളവരായിരുന്നേനേ അല്ലേ.. അല്ലെങ്കിൽ ദേഹം എന്ന മൺകൂടാരം ഈ മണ്ണിൽ തന്നെ ഉപേക്ഷിച്ച് ദൈവീകരണത്തിന്റെ പ്രഭയിൽ ശോഭിതമാകുവാൻ സ്വച്ഛന്ദമായി സഞ്ചരിക്കുന്ന ആത്മാവിന്റെ ദാഹത്തെ തിരിച്ചറിയുവാൻ സാധിച്ച ഭൂമിയിലെ ദൈവപ്രസാദമുള്ള ഒരു മനുഷ്യനായി മാറാൻ സാധിച്ചവർ ആയിരുന്നുവെങ്കിൽ, അങ്ങനെയുള്ളവർക്ക് മരണത്തിനപ്പുറത്തെ മഹത്വത്തിലേക്ക് പ്രവേശിക്കുവാൻ കാത്തിരിക്കുന്ന അവരുടെ ആത്മാവിന് ഈ ലോകത്തിന്റെ പ്രതാപവും, മോഹങ്ങളും, മോദങ്ങളും ഒരു മടിയും ഇല്ലാതെ പാടെ ഉപേക്ഷിക്കുവാൻ സാധ്യമായേനെ...

ശരീരമെന്ന പുറംചട്ട ഊരികളഞ്ഞ് അനശ്വരതയുടെ മഹത്വ വസ്ത്രത്തെ പ്രാപിക്കാൻ ഒരുങ്ങേണ്ടതായ മനുഷ്യന്റെ ആത്യന്തിക ലക്ഷ്യത്തെ സഹായിക്കുന്ന ഒരു പാതയായി പ്രാർത്ഥനകളും നോമ്പും, കൂദാശകളും കൗദാശികാനന്തര ജീവിതവും സാധ്യതകളായി നിലകൊള്ളുമ്പോൾ. പൊരുളുകൾ ഗ്രഹിക്കാതെ പൊടിയിലേക്ക് ലയിച്ച് മൗനമാക്കപ്പെടുന്ന കേവല ലൗകിക മനുഷ്യനെ നോക്കി ചിരിക്കുന്നു

**ലോകം നൽകുന്ന താല്പര്യങ്ങളും വിഷയങ്ങളും വ്യർത്ഥം എന്ന് എണ്ണി ആത്മാവിൽ പ്രോജ്വലിക്കുന്ന ഏതൊരാളും മാലാഖയെക്കാൾ ശോഭിതനാകുന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല...**

ണ്ടാവാം പരിശുദ്ധ നോമ്പ്. ഈ അനുഷ്ഠാനം പരമോന്നതന്റെ പ്രഭയെ കാണുവാൻ മനുഷ്യനെ പ്രാപ്തമാക്കുന്നതാണ് എന്ന് വിശുദ്ധ ഗ്രന്ഥവും ചരിത്രവും വളരെ മനോഹരമായി നമ്മെ പഠിപ്പിക്കുന്നുണ്ട്.

നോക്കുക! യോഹന്നാനിൽ നിന്ന് മാമോദിസ സ്വീകരണം നേടിയശേഷം നമ്മുടെ കർത്താവ് പോയത് മരുഭൂമിയിലേക്കായിരുന്നു... നാൽപ്പത് ദിനരാത്രങ്ങൾ ഭക്ഷണവും, വെള്ളവും ജനസമ്പർക്കവും ഒന്നുമില്ലാതെ ഇഷ്ടമായതിൽ നിന്നൊക്കെയും സ്വയം ഉൾവലിഞ്ഞ് ശക്തി പ്രാപിക്കുവാനും, ജഡമോഹം; കൺമോഹം; ജീവനത്തിന്റെ പ്രതാപം; എന്നിവയിൽ നിന്നൊക്കെ ഒഴിഞ്ഞിരിപ്പാനും, ഇപ്രകാരമുള്ള ആകർഷണങ്ങൾ സാത്താൻ അവതരിപ്പിച്ചപ്പോൾ വളരെ ബുദ്ധിപൂർവ്വം ഒഴിഞ്ഞുമാറി അവനെ പരാജയപ്പെടുത്തുവാൻ സാധ്യമായതും മഹത്തായ നോമ്പിന്റെ ബലത്താലാണ്..

നോമ്പ് എന്നത് ആത്മാവിന്റെ ഉത്സവമാണ് എന്നതാണ് സഭാ പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ അതിന്റെ പൊരുളിനെ ആഴത്തിൽ തിരിച്ചറിഞ്ഞവർക്ക് മാത്രമേ നോമ്പിലേക്ക് പ്രവേശിക്കുവാൻ ആകൂ എന്ന് അയാൾ പറഞ്ഞു നിർത്തുമ്പോൾ അവന്റെ കണ്ണുകൾ തിളങ്ങുന്നത് അയാളുടെ ശ്രദ്ധയിൽപ്പെട്ടു...

ലോകം നൽകുന്ന താല്പര്യങ്ങളും വിഷയങ്ങളും വ്യർത്ഥം എന്ന് എണ്ണി ആത്മാവിൽ പ്രോജ്വലിക്കുന്ന ഏതൊരാളും മാലാഖയെക്കാൾ ശോഭിതനാകുന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല... അങ്ങനെ അയാൾ മറ്റൊരു ദൈവപുത്രനായി പരിണമിക്കപ്പെടുകയാണ്... സ്നേഹവും കാരുണ്യവും അനുകമ്പയും ആർദ്രതയും നിറഞ്ഞു തുളുമ്പുന്ന മാനസത്തിനിടയായ ഒരു മഹത്തായ പ്രതിഭാസമായി നോമ്പിലൂടെ സഞ്ചരിക്കുന്ന മനുഷ്യൻ രൂപാന്തരപ്പെടുകയാണ്... ദൈവം അധിവസിക്കുന്ന മന്ദിരമായ മനുഷ്യനിൽ നിന്ന് അവനിലുള്ള അവനവനിസ്സവും, അസൂയയും, കുരുളയും, സർവ്വവിധമായ ഉടായിപ്പും സ്വാർത്ഥതയും എല്ലാം വിടിഞ്ഞ് അപ്പാ! നിന്നോടും സ്വർഗത്തോടും ഞാൻ പാപം ചെയ്തു പോയി എന്ന് വല്ലാതെ നിലവിളിച്ച് കരയുന്ന മുടിയനായ പുത്രനെപ്പോലെ പുതിയൊരു മാനസാന്തര ജീവിതത്തിന്റെ അനുഭവത്തിലേക്ക് നയിക്കുന്ന ഒരു ആയുധവും ഔഷധവുമായി നോമ്പ് മാറുകയാണ്.. നന്മ ചെയ്യുവാൻ പഠിക്കുകയും ന്യായത്തിനു വേണ്ടി നിലകൊള്ളുകയും, സാധുക്കളെ പീഡിപ്പിക്കുന്ന സ്വച്ഛാധിപത്വത്തിനെതിരെ ശബ്ദമുയർത്തുകയും, തെറ്റുകൾ തിരുത്തുവാൻ അവരെ പ്രേരിപ്പിക്കുകയും, പാവപ്പെട്ടവനും അനാഥനും നീതി നടത്തി കൊടുക്കുവാൻ ഉത്സാഹിക്കുന്ന ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണമായി മാറുവാൻ മനുഷ്യന് സാധിക്കുകയും ചെയ്യുന്ന ഒരു അപാര ദൈവസ്നേഹത്തിന്റെ താക്കോലാണ് നോമ്പനുഷ്ഠാനത്തിലൂടെ ഒരുവന് ലഭ്യമാക്കുക.

നോമ്പാൽ ശോഭിതനായ മോശ പരമോന്നതനെ ദർശിച്ചു' എന്നതായിരുന്നു മോശയുടെ നോമ്പിന്റെ വഴി അദ്ദേഹത്തെ കൊണ്ടെത്തിച്ചത്.. തീഷ്ണതയോടെ നോമ്പ് നോറ്റ ഏലിയാ പ്രവാചകൻ ഉടലോടെ സ്വർഗ്ഗത്തിലെ എടുക്കപ്പെട്ടു എന്നുള്ളതാണ് നോമ്പിനാൽ പ്രവാചകനെ ലഭിച്ച അസുലഭമായ വലിയ സമ്മാനം.. സിംഹക്കുഴിയിൽ എറിയപ്പെട്ട ദാനിയേലും, തീച്ചൂളയിൽ ഇടപ്പെട്ട മൂന്ന് പൈതങ്ങളും രക്ഷ പ്രാപിച്ചതും നോമ്പിനാലാണ്.... പാപത്താൽ മലിനമാക്കപ്പെട്ട ദാവീദ് രാജാവിന് സമാധാനം ലഭിച്ചതും നോമ്പിനാലാണ്... ഇനിയില്ല നിങ്ങൾ എന്ന് എഴുതിത്തള്ളപ്പെട്ട നിനുവാ എന്ന പട്ടണത്തിലെ മുഴുവൻ ജനങ്ങൾക്കും പുതിയൊരു ജീവിതം സമ്മാനിച്ചതും നോമ്പിനാലാണ്... ഇസ്രായേലിന്റെ സമാധാനത്തിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന വൃദ്ധനായ ശെമവൂന് ദൈവപുത്രനെ കാണുവാൻ ഭാഗ്യം ശ്രദ്ധിച്ചതും അയാളുടെ നിരന്തരമായ നോമ്പിനാലാണ്... ആദിമ സഭയിൽ അപ്പോസ്തലന്മാർ ഒന്നിച്ചിരുന്ന് നോമ്പ് നോറ്റു പ്രാർത്ഥിച്ചപ്പോഴാണ് പരിശുദ്ധാത്മാവ് അവരുടെ മേൽ അഗ്നിയുടെ രൂപത്തിൽ ഇറങ്ങി വന്നതും, അവർക്ക് ഭാഷാവരം നൽകപ്പെട്ട് അനുഗ്രഹീതരായതും ... വിശുദ്ധ ജീവിതത്താൽ ദൈവത്തെ പ്രസാദിപ്പിക്കുന്നവൻ ആയിതീർന്നതും സഹായങ്ങളും ദൈവിക നൽവരങ്ങളും അനേകർക്ക് കൊടുക്കുവാൻ പരിശുദ്ധ പരുമല തിരുമേനിയെ പ്രാപ്തനാക്കിയതും നോമ്പിനാലാണ്.. ഒരു ദേശത്തെ മുഴുവനും കൊന്നൊടുക്കുവാൻ ചിറക്

വിരിച്ച പ്ലേഗിനെ ഇല്ലാതാക്കുവാൻ പരിശുദ്ധ പാമ്പാടി തിരുമേനിക്ക് സാധ്യമായതും നിരന്തരമായ നോമ്പനുഷ്ഠാനങ്ങലാളാണ്... അതുകൊണ്ടുതന്നെ നോമ്പ് ഔഷധം മാത്രമല്ല മനുഷ്യനിൽ വൈദ്യത്വം എന്ന നൽവരം ലഭ്യമാകാൻ കാരണമാകുന്നതും നോമ്പിനാലാണ്...

പ്രകാശിതമായ കണ്ണുകളിലൂടെ അവൻ അയാളെ അപ്പോഴും നോക്കുന്നുണ്ടായിരുന്നു. നോമ്പിലേക്ക് പ്രവേശിക്കുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന ചോദ്യം ചോദിക്കാതെ ആവശ്യപ്പെടുന്നത് അയാൾ തന്റെ മനോഗതത്തിൽ അപ്പോൾ അറിയുന്നുമുണ്ടായിരുന്നു... അയാൾ വീണ്ടും പറഞ്ഞു തുടങ്ങി.. മകനെ ഭക്ഷണവർജനം അല്ല നോമ്പ് എന്നാൽ ഭക്ഷണത്തെ വർജിക്കാൻ നീ പ്രാപ്തനാകുന്നത് മൂലം മണ്മയമായ ശരീരത്തിന്റെ പല ആവശ്യങ്ങളെയും നിസ്സാരം എന്ന് തള്ളിക്കളയുവാൻ നീ ശക്തനാകും.. കേവലം അൻപത് ദിവസത്തെ പ്രാർത്ഥന അനുഷ്ഠാനങ്ങൾ ഒന്നുമല്ല ഒരുവനെ നോമ്പുള്ളവനാക്കുന്നത് എന്നാൽ അനുഷ്ഠാനങ്ങൾ ദൈവിക പാതയിൽ കൂടുതൽ കരുത്ത് നൽകാൻ നിന്നെ പ്രാപ്തനാക്കും.. കുറേ ദിനരാത്രങ്ങൾ ലോകപരമായ സന്തോഷത്തിൽ നിന്നും ഉല്ലാസത്തിൽ നിന്നും നീ ഒഴിഞ്ഞിരിക്കുമ്പോൾ നിന്റെ ബോധ്യങ്ങളും അന്വേഷണങ്ങളും നിന്നെ കൊണ്ടെത്തിക്കുന്നത് ഈ ലോകത്തിൽ അവശതയെ അനുഭവിക്കുന്നവരിലേക്കും വിലപിക്കുന്നവരിലേക്കും വല്ലാതെ ഭാരപ്പെടുന്നവരുടെ ഇടയിലേക്കും ആയെങ്കിൽ നിശ്ചയമായും നിന്റെ നോമ്പ് നിന്നിൽ സ്വർഗ്ഗത്തിലേക്കുള്ള ചിറകു മുളപ്പിക്കുന്ന ഒരു അനുഗ്രഹമാകും. അങ്ങനെ ദൈവപുത്രനായ ക്രിസ്തുവിനോട് നീ അനുരൂപപ്പെടുകയും അവന്റെ മഹനീയമായ ഉത്ഥാനത്തിലേക്ക് നിനക്ക് പങ്കാളിത്തം ലഭ്യമാവുകയും ചെയ്യുന്നു എന്നുള്ളതാണ് നോമ്പിന്റെ അതിശ്രേഷ്ഠമായ സമ്മാനം..

നശ്വരമായ ലോകത്തിൽ നിന്ന് അനശ്വരതയിലേക്ക് യാത്ര ചെയ്യുന്ന ഒരു മനുഷ്യന്റെ മുൻ രുചികൂട്ടായി വീണ്ടുമൊരു വലിയ നോമ്പിൽ ആയിരിക്കുമ്പോൾ, സ്നേഹവും സാഹോദര്യവും മുറുകെപ്പിടിച്ച് അനശ്വരതയേ ധ്യാനിക്കുവാൻ തടസ്സമായി നിൽക്കുന്ന നശ്വര വിചാരങ്ങളിൽ നിന്നും, ക്രോധത്തിൽ നിന്നും വൈരാഗ്യത്തിൽ നിന്നും, ഏഷണിയിൽ നിന്നും, കേവലമാനസത്തിന്റെ സ്വഭാവമായ പരിഹാസത്തിൽ നിന്നും, അഹന്തയിൽ നിന്നും അഹങ്കാരത്തിൽ നിന്നും, താൻപോരിമയിൽ നിന്നും, അന്യായത്തിൽ നിന്നും ദുഷ്കൃത്യങ്ങളിൽ നിന്നും ദുരാലോചനയിൽ നിന്നും, വമ്പു പറയുന്ന നാവിൽ നിന്നും നിഗളത്തിൽ നിന്നും അസൂയയിൽ നിന്നും, വ്യർത്ഥമായ സംസാരത്തിൽ നിന്നും, കുടിലചിന്തയിൽ നിന്നും, അന്യായങ്ങളിൽ നിന്നും, അധർമ്മങ്ങളിൽ നിന്നും, അപരനെ നൊമ്പരപ്പെടുത്തുന്ന സകലത്തിൽ നിന്നും ഒഴിഞ്ഞിരുന്ന്, രമ്യതയിലും അനുരഞ്ജനത്തിലും സമരസപ്പെട്ട് വിശുദ്ധിയോടെ നോമ്പ് നോക്കുവാൻ സാധിക്കുമ്പോൾ ഓർക്കുക.. നിന്റെ പ്രയാണം അനശ്വരതയിലേക്കുള്ള യാത്രയിൽ ആരംഭിച്ചു കഴിഞ്ഞു എന്ന്.. പരിശുദ്ധ നോമ്പ് സമാധാനത്തോടെ വരിക.

# ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.



അങ്കമാലി ഭദ്രാസനത്തിലെ പഴന്തോട്ടം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. പ്രശസ്ത സിനിമാതാരം സുമേഷ് ചന്ദ്രൻ റവ. ഫാ. മത്തായി ഇടയനാൽ കോർ എപ്പിസ്കോപ്പ, ഫാ. എൽദോസ് തേലപ്പിള്ളി മുൻ കേരള പ്ലയെർ ബാബു ഗ കഎന്നിവർ ഉത്ഘാടനം ചെയ്തു. കൊച്ചി കണ്ടനാട് വെസ്റ്റ് കണ്ടനാട് ഈസ്റ്റ് അങ്കമാലി എന്നീ ഭദ്രാസനങ്ങളിൽ നിന്നായി പതിനാറോളം ടീമുകൾ പങ്കെടുത്ത മത്സരത്തിൽ പഴന്തോട്ടം സെന്റ്മേരീസ് ടീം ജേതാക്കളായി.

യുവജന പ്രസ്ഥാനം കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത് അങ്കമാലി ഭദ്രാസന സെക്രട്ടറി എഡ്വിൻ മാത്യു മുളക്കുളം സെന്റ് ജോർജ് യുവജന പ്രസ്ഥാനം പ്രസിഡന്റ് ഫാ ലൂക്കോസ് തങ്കച്ചൻ എന്നിവർ സമ്മാനദാനം നടത്തി. പഴന്തോട്ടം പള്ളി ട്രസ്റ്റി ശ്രീ. ജോർജ് ഇ.എം. സെക്രട്ടറി ശ്രീമതി മിനി സണ്ണി, യുവജന പ്രസ്ഥാനം സെക്രട്ടറി ശ്രീ ജോബിൻ ജോസ് ജോയിന്റ് സെക്രട്ടറി റിയ മാർക്കൊസ്, ട്രഷറർ ഗ്രിന്റോ മാത്യു ജനറൽ അസംബ്ലി അംഗം നമീഷ് എന്നിവർ നേതൃത്വം നൽകി

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



# മിന്നുന്നതെല്ലാം പൊന്നോ?

**ഫാ. ഡോ. റെന്നി തോമസ്**
Principal (i/c) & Assistant Professor,
Dept of Social Work, St. Gregorios College
of Social Science, Parumala





ഉയർന്നുവരുമാനം, മികച്ച ജീവിത സാഹചര്യങ്ങൾ, കുട്ടികളുടെ പഠനത്തിനും വളർച്ചയ്ക്കും മികച്ച സൗകര്യങ്ങൾ ഇവയെല്ലാം (External Factors) കൊണ്ട് നമ്മുടെ യുവതലമുറ വിദേശരാജ്യങ്ങളിലേക്ക് ധാരാളമായി കുടിയേറി കൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ, തൊഴിലില്ലായ്മ, അഴിമതി, വിലക്കയറ്റം തുടങ്ങിയവ (Internal Factors) ഒരർത്ഥത്തിൽ യുവജനതയുടെ പലായനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഉപരിപഠനത്തിനുള്ള മികച്ച കോഴ്സുകളും സ്കോളർഷിപ്പുകളും ഒരുക്കി നമ്മുടെ യുവാക്കളെ ആകർഷിച്ച് വിദേശരാജ്യങ്ങൾ നേട്ടം കൊയ്യുമ്പോൾ നമ്മുടെ നാട് ആഗോളതലത്തിൽ പിൻതള്ളപ്പെടുന്നു. വികസിത രാജ്യങ്ങളോട് കിടപിടിക്കാനുള്ള വിഭവശേഷി ഉണ്ടായിരിക്കെ അവയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിൽ നാം പലപ്പോഴും പരാജയപ്പെടുന്നു. ഇതിന്റെ ഗുണവും ദോഷവും നാം അറിയാനിരിക്കുന്നതേയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. ഇവയിൽ ചിലത് ചുവടെ പ്രതിപാദിക്കുന്നു.

## Advantages

### 1) Family Life (കുടുംബ ജീവിതം)

ഉന്നത വിദ്യാഭ്യാസം ഉള്ളവർക്ക് തങ്ങളുടെ കുടുംബത്തോടൊപ്പം വിദേശരാജ്യങ്ങളിൽ കഴിയുവാനുള്ള സാഹചര്യങ്ങൾ ലഭിക്കുന്നതിലൂടെ ഒരുമിച്ച് ഒരിടത്ത് കുടുംബമായി ജീവിക്കുവാൻ അവസരമൊരുങ്ങുന്നു. മാതാപിതാക്കന്മാർ ജീവനോപാധിക്കായി വിദേശത്ത് പോകുമ്പോൾ അവരുടെ മക്കൾ single parent/ grandparents / relatives / institutional careന് വിധേയരായി കഴിയുന്നതിലൂടെ മാതാപിതാക്കന്മാരുടെ സ്നേഹവും കരുതലും ലഭിക്കാതെ വളരുന്നു.

### 2) Social Life (സാമൂഹികജീവിതം)

ശുചിത്വം, സാമൂഹിക സുരക്ഷ, ആരോഗ്യ പരിരക്ഷ, നിയമങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിൽ വിദേശരാജ്യങ്ങൾ മുൻപന്തിയിലാണ്. മറ്റുള്ളവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാത്ത രീതി നമ്മെ അതിശയിപ്പിക്കും. (നമ്മുടെ നാട്ടിൽ അവനവന്റെ കാര്യത്തേക്കാളും മറ്റുള്ളവന്റെ കാര്യം ശ്രദ്ധിക്കാൻ ആണല്ലോ താല്പര്യവും ശ്രദ്ധയും ! ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മികച്ച ചികിത്സാ സൗകര്യങ്ങൾ സൗജന്യമായി നൽകുന്നു. ഒരു നിശ്ചിത ശതമാനം നികുതി ആയി

നൽകുന്നത് കുട്ടികളുടെ സൗജന്യ വിദ്യാഭ്യാസത്തിനും, മറ്റു സാമൂഹ്യ സുരക്ഷ പദ്ധതികൾക്കും, പൊതുജനാരോഗ്യത്തിനും വിനിയോഗിക്കുന്നു എന്നത് ആശ്വാസകരമാണ്.

### 3) Occupational Life (തൊഴിൽപരമായ ജീവിതം)

എല്ലാ ജോലിക്കും ലഭിക്കുന്ന മാന്യത നമ്മെ ആകർഷിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവും കണക്കാക്കി അനുയോജ്യമായ ജോലിക്ക് അപേക്ഷിച്ച് അവ നേടിയെടുക്കുന്നതിന് ആരുടെയും ശുപാർശ ആവശ്യമില്ല. തൊഴിലാളികളുടെ ക്ഷേമവും, തൊഴിലിടങ്ങളിലെ മികച്ച സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് ശക്തമായ നിയമ സംവിധാനങ്ങൾ സഹായകമാണ്. കൃത്യമായ പ്രവർത്തിസമയം, കൃത്യമായ വേതനം Quality of Work Life മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. Work Life Balanceന് സഹായകരമായി സൗകര്യപ്രദമായ പ്രവർത്തി സമയം തിരഞ്ഞെടുക്കുവാനുള്ള സാഹചര്യവും ലഭിക്കുന്നു

## Disadvantages

### 1) Climate and Living conditions (കാലാവസ്ഥയും ജീവിതസാഹചര്യങ്ങളും)

Tropical Climateൽ നിന്നും അതിശൈത്യത്തിലേക്കുള്ള മാറ്റം വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. മഞ്ഞു വീഴ്ചയുടെ കാലങ്ങളിൽ പുറത്തിറങ്ങി നടക്കാൻ കഴിയാതെ വീടുകൾക്കുള്ളിൽ തന്നെ കഴിയുക എന്നത് ദുഷ്കരമാണ്. ചിലയിടങ്ങളിലൊക്കെ മാസങ്ങളോളം സൂര്യപ്രകാശം ലഭിക്കാതെ പകലെതെന്നോ രാത്രി ഏതെന്നോ അറിയാൻ കഴിയാതെ പോകുന്നു.

### 2) Mental health issues (മാനസികാരോഗ്യ പ്രശ്നങ്ങൾ)

ദുഷ്കരമായ കാലാവസ്ഥയും ഉയർന്ന ജീവിത ചെലവുകളും പലപ്പോഴും സ്ഥിര വരുമാനമുള്ളവരെയും സമ്മർദ്ദത്തിനാക്കാറുണ്ട്. ഒരാളുടെ വരുമാനം കൊണ്ട് മാത്രം ചിലവുകൾ തള്ളിനീക്കാൻ ബുദ്ധിമുട്ടുമ്പോൾ, വീട്ടിലെയും കുഞ്ഞുങ്ങളുടെയും കാര്യങ്ങൾ നിർവഹിക്കുന്നതിനോടൊപ്പം മറ്റൊരാൾ കൂടി ജോലി ചെയ്യേണ്ട സാഹചര്യം ഉടലെടുക്കുന്നു. Quality of Family Life and Work Life Balance നെയും ഇത് സാരമായി ബാധിക്കുവാൻ ഇടയാകും.

### 3) Caring for Parents and Elderly (മാതാപിതാക്കളുടെയും പ്രായമായവയവരുടെയും പരിപാലനം)

അനാഥമാകുന്ന വീടുകൾ, അഗതികൾ ആകുന്ന വൃദ്ധ മാതാപിതാക്കൾ, ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങൾ, കാടുപിടിച്ച് കിടക്കുന്ന കൃഷിയിടങ്ങൾ - ഇവ കുടിയേറ്റത്തിന്റെ പരിണിതഫലമായി നാം കാണുന്ന ചിത്രങ്ങളാണ്. ഏകാന്തത, Empty Nest Syndrome, ഒറ്റപ്പെടൽ തുടങ്ങിയവ വാർദ്ധക്യത്തിൻ ആയിരിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങളാണ് - പ്രത്യേകിച്ച് മക്കൾ വിദേശത്ത് ജോലി ചെയ്യുന്നവരുടെ മാതാപിതാക്കന്മാർ. കുഞ്ഞുങ്ങളുടെ പരിചരണത്തിനും വീട്ടുകാര്യങ്ങൾ ക്രമീകരിക്കുന്നതിനും മാതാപിതാക്കന്മാരിൽ ഒരാളെ മാത്രം കൊണ്ടുപോകുന്ന പതിവും കണ്ടുവരുന്നുണ്ട് (Selective Abandonment). ഇതിനാൽ നാട്ടിൽ അവശേഷിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ ഇരട്ടിയായി വർദ്ധിക്കുന്ന സാഹചര്യം ഉടലെടുക്കുന്നു.

## Prospects

1) വൃദ്ധസദനങ്ങളുടെയും വയോജന പരിപാലന ശുശ്രൂഷയുടെ ആവശ്യകതയും വർദ്ധിച്ചു വരുന്നു. മക്കളടുത്തില്ലാത്തവരുടെ വൃദ്ധരായ മാതാപിതാക്കന്മാരെ പരിപാലിക്കുവാൻ മികച്ച സൗകര്യങ്ങളോടുകൂടിയ paid homes പ്രവർത്തന സജ്ജമായി തുടങ്ങി. Palliative care, പകൽ വീടുകൾ, Emergency Medical Care തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള ആവശ്യകത ഉയർന്നുവരുന്നു. ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾക്കും സ്ഥാപനങ്ങൾക്കുംസാധ്യത നിലനിൽക്കുന്നു.

2) ഗൃഹജോലികൾ ചെയ്യുന്നതിനും, ഏകാന്തതയിൽ കഴിയുന്നവർക്ക് കൂട്ടായി ഇരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സംഭാവനയായി Domestic Robots രംഗത്ത് വന്നു കഴിഞ്ഞു. ഈ മേഖലയിലും കൂടുതൽ തൊഴിലവസരങ്ങളും പുരോഗമനപരമായ മാറ്റങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു

### ഉപസംഹാരം

അനിവാര്യമായി കൊണ്ടിരിക്കുന്ന കുടിയേറ്റത്തിന്റെ ഗുണദോഷങ്ങൾ അവധാനതയോടെ കൈകാര്യം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മാറ്റം അനിവാര്യമാണ്. കാലോചിതമായ, ഗുണപരമായ മാറ്റങ്ങൾ ഉണ്ടാവട്ടെ. നമ്മുടെ സംസ്കാര - പാരമ്പര്യങ്ങളിൽ അടിയുറച്ച്, സാമൂഹിക- ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഒത്തൊരുമിച്ച് മുന്നോട്ട് നീങ്ങുവാൻ നമുക്ക് കഴിയട്ടെ.

ഓർത്തഡോക്സ് യുവജനം
ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം







# യുവത്വത്തിന്റെ ദൈവീക മാതൃക; അബിഗേൽ

**അഞ്ജന റിബേക്ക റോയ്,** ചെങ്ങന്നൂർ

യുവതലമുറയ്ക്ക് മാതൃകയാകേണ്ട അനേകം ആത്മീയ മാർഗ്ഗങ്ങൾ ജീവിതത്തിൽ പ്രതിഫലിപ്പിച്ച പഴയ നിയമ വ്യക്തിത്വമായിരുന്നു അബിഗേൽ. ശമുവേൽ പ്രവാചകന്റെ ഒന്നാം പുസ്തകത്തിന്റെ 25 അദ്ധ്യായത്തിൽ, ആ കാലഘട്ടത്തിലെ കാഴ്ചപാടുകളെ തച്ചുടച്ച് ധീരതയോടെയും ദൈവാശ്രയബോധത്തോടെയും പ്രതിബന്ധങ്ങളെ അതിജീവിച്ച് മാതൃകയായ സ്ത്രീ കഥാപാത്രമാണ് അബിഗേൽ. മറ്റൊരർത്ഥത്തിൽ സമാധാനത്തിന്റെ സൃഷ്ടികർത്താവായി തന്റെ ജീവിതം ക്രമപ്പെടുത്തിയ വ്യക്തിത്വം കൂടെയായിരുന്നു അബിഗേൽ.

തന്റെ ജീവിതപങ്കാളിയായ നാബാന്റെ ചെയ്തികളിൽ, ദാവീദുരാജാവിന്റെ കോപത്തിൽ ജീവിതത്തിന്റെ വലിയ ആപൽഘട്ടത്തിൽപോലും വിവേകബുദ്ധിയോടെ, ധീരതയോടെ ആ പ്രതിസന്ധിയെ അതിജീവിക്കുവാൻ ഉത്തരം കണ്ടെത്തിയ വിവേകമതിയായിരുന്നു അബിഗേൽ (1 ശമു.25:18) 'ദാവീദുരാജാവിന്റെ കോപത്തിന്റെ മുമ്പിൽ ഇരുന്നൂറു അപ്പവും 2 തുരുത്തി വീഞ്ഞും പാകം ചെയ്ത അഞ്ച് ആടും, അഞ്ചുപറ മലരും, 100 ഉണക്കമുന്തിരിക്കുലയും ഇരുന്നൂറ് അത്തി അടയും എടുത്ത് ദാവീദിനെ കാണാൻ പോകുകയും സാഷ്ടാംഗം പ്രണമിച്ച് സംസാരിച്ച് സമാധാനത്തിന്റെ വെള്ളക്കൊടി പാറിക്കുന്ന അബിഗേൽ ഉദാത്തമായ ആത്മീയ മാതൃകയാണ്. അബിഗേൽ ഓർമ്മപ്പെടുത്തുന്നു. “Don't let fear hold your back - Move forward in God's courage and wisdom".

മനസ്സലിവും ദയയും നിറഞ്ഞവളായിരുന്നു അബിഗേൽ. എവിടെയൊക്കെ തന്റെ ജീവിതവഴികളിൽ അലോസരങ്ങൾ ഉടലെടുക്കുന്നുവോ അവിടെയൊക്കെ സമാധാനത്തിന്റെ മാർഗ്ഗം വെട്ടിത്തുറക്കാൻ അബിഗേലിന് കഴിഞ്ഞു. (1 ശമു. 25:23-24)

നന്മയ്ക്കു പകരം തിന്മ ചെയ്വാൻ മടി കാണിക്കാത്ത ഒരു കാലഘട്ടത്തിലൂടെ നാം ജീവിതയാത്ര നടത്തുമ്പോൾ പകരത്തിന് പകരം ചെയ്യാത്തതും സഹജീവികളോടും സമൂഹത്തിലെ കഷ്ടപാടിലും നൊമ്പരത്തിലും കഴിയുന്നവരോട് മനസ്സലിവോടും ദയയോടും കൂടി പ്രവർത്തിക്കുവാൻ നമ്മെ അബിഗേൽ തന്റെ ജീവിതത്തിലൂടെ പ്രേരിപ്പിക്കുന്നു.

Be humble and kind seak peace with those around you.

ആകുലതകളുടെയും നൊമ്പരങ്ങളുടെയും ഒറ്റപ്പെടലിന്റെയും ജീവിതങ്ങളുടെ നടുവിൻ നമ്മൾ ഒറ്റയ്ക്കല്ല, നമ്മുടെ ബലഹീനതയിൽ ദൈവം തമ്പുരാൻ ഇടപെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന് ജീവിതം കൊണ്ട് സന്ദേശം നൽകിയ വ്യക്തിത്വമാണ് അബിഗേൽ (1 ശമുവേൽ 25:32-33)

ആകുലതകൾ മനുഷ്യന്റെ കൂടെപ്പിറപ്പുകളാകുമ്പോൾ അവയെ അതിജീവിക്കുവാൻ നമുക്ക് ഉറപ്പുള്ള പാറയാണ് ദൈവംതമ്പുരാൻ. മദ്യത്തിന്റെയും ആത്മഹത്യയുടെയും വഴിയല്ലാതെ അതിജീവനത്തിന്റെ പാത തെളിയിക്കുന്ന ദൈവത്തെ മുറുകെ പിടിക്കുവാൻ കഴിയണമെന്ന് അബിഗേൽ കാണിച്ചുതരുന്നു.

Remember God will fight for you. You are never alone.

അബിഗേലിന്റെ ജീവിതസരണിയും, സമർപ്പണമുന്നേറ്റവും നമുക്ക് മാതൃകയാകട്ടെ.



# നാലുവരി കവിതകൾ



## അമ്മ

മാറോട് ചേർത്തെന്നും
സഹനത്തെ പുൽകിയ
സ്നേഹ നിലാവാമൊരു
വർണനാതീത മൂശ...



## കണ്ണട

കാണിച്ച് തരാമെന്ന
ഉറച്ച തീരുമാനത്തോടെ
കർണപുടത്തിന്മേൽ
കാലൂന്നിയിരിക്കുന്നവൻ...



## ഗുരു

അറിവിൻ നിറവിന്റെ
പുലർ വെട്ട വീചിയെ
അക്ഷര സ്പർശനത്താ-
ലുണർത്തിയനാദം...



## തൊട്ടാവാടി

തൊട്ടുപോകുന്ന മാത്രയിൽ
ലജ്ജയാൽ ചൂളുമെങ്കിലും
മുറുകെ പിടിച്ചാലൊരു
മുറിവേൽപ്പിക്കുന്ന കഠിനൻ...



## അനുഭവം

ശിശിരകാലത്തിൽ
കൊഴിഞ്ഞ ദളങ്ങളെ
പുൽനാമ്പണിയിച്ച
വസന്തമാം പുനർജനി...



## മെഴുകുതിരി

അവശിഷ്ടം കൊണ്ടെങ്കിലു-
മൊന്ന് പുനർജനിക്കാമെ-
ന്നാശിച്ചുരുകിയുരുകി
പ്രകാശം പരത്തുന്നവൻ...



## കസേര

ദൃഢമാംകാലുകളുണ്ടായിട്ടും
അങ്ങാസനം താങ്ങാൻ
വിധിക്കപ്പെട്ടു പോയോരു
പ്രബലനാം നാൽക്കാലി...



അൻസു ലൂക്ക്

# ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നവതി വാർഷിക കോൺഫറൻസ്









മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നവതി വർഷ രാജ്യാന്തര കോൺഫറൻസ് എറണാകുളം ആശീർഭവനിൽ നടത്തി. മലങ്കര സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപോലീത്ത ഉത്ഘാടനം ചെയ്തു. യുവജനങ്ങൾ ഉറങ്ങേണ്ടവരല്ല, ഉണർന്നു പ്രവർത്തിക്കേണ്ടവരാണെന്നു മാർ യൂലിയോസ് അഭിപ്രായപ്പെട്ടു. ഡോ യാക്കോബ് മാർ ഐറേനിയോസ് മെത്രാപോലീത്ത ചിന്താവിഷയം അവതരിപ്പിച്ചു സംസാരിച്ചു. വിശുദ്ധ വേദവചനത്തിന്റെ അടിസ്ഥാനത്തിലുള്ള വിളിയോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ യുവാക്കൾ തയാറാകണമെന്ന് അദ്ദേഹം പറഞ്ഞു. മോട്ടിവേഷണൽ സ്പീകർ വിഷ്ണു ലോണ ക്ലാസ്സ് നയിച്ചു. യുവജന പ്രസ്ഥാനം പ്രവർത്തകരുടെ നേതൃത്വത്തിൽ കലാസന്ധ്യയും നടത്തി.

സമാപന സമ്മേളനം ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപോലീത്ത അദ്ധ്യക്ഷത വഹിച്ചു. മലങ്കര സഭയുടെ പരമാധ്യക്ഷനും മലങ്കര മെത്രാപോലീത്തയുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ പൊതു സമ്മേളനം ഉത്ഘാടനം ചെയ്തു. കരുണ യുവാക്കളുടെ മുഖമുദ്രയാകണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവ പറഞ്ഞു. സഹോദരനിൽ ഈശ്വരാംശം കണ്ടെത്തി അവനെ കരുതുന്നതാകണം നമ്മുടെ പ്രാർത്ഥനയെന്നു അദ്ദേഹം ഓർമിപ്പിച്ചു.

അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടി അലയുന്നവരെ കരുതുന്ന ദൈവികത യുവാക്കൾ കൈമുതലാക്കണമെന്നു പരിശുദ്ധ ബാവ ഉത്ഘാടനത്തിൽ ഓർമിപ്പിച്ചു. ഹൈബി ഈഡൻ എം പി മുഘ്യപ്രഭാഷണം നടത്തി. കൊച്ചി മേയർ അഡ്വ. അനിൽകുമാർ യുവജന സന്ദേശം നൽകി. ജസ്റ്റിസ് ബെഞ്ചമിൻ കോശി ആശംസകൾ നേർന്നു. യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി ജനറൽ സെക്രട്ടറി ഫാ വിജു ഏലിയാസ് അൽമായ ട്രസ്റ്റി റോണി വർഗീസ് ട്രഷറർ പേൾ കണ്ണേത്ത് എന്നിവർ പ്രസംഗിച്ചു.

Alan Daniel
+91 9446076407

OCTAL
TECHNOLOGIES

Java .NET php python node
HIKVISION alhua CP PLUS Trueview IMPACT


# OUR SERVICES

- CCTV Installation & Maintenance
- Smart Home Security Systems
- Home Automation
- Solar Systems
- UPS, Inverter
- Networking
- Gate Automation
- Printer Services
- All IT Related Works
- Software Development
- Software Training
- Web Designing & Development
- Academic Projects
- Academic Tuitions
- Internships
- Digital Marketing
- Graphic Designing

2nd Floor, Kalinga Complex,
KP Road, Central Adoor, Pathanamthitta
Email : octotechno@gmail.com
Web : www.octaltechnologies.com
+91 889 154 0788




IDBI BANK







IDBI BANK LTD Near Muncipal Park Mavelikara -69
Phone:0479 2343471/ 2343480
IDBI BANK
Bank Aisa Dost Jaisa





Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu,Publisher : Binu Pappachan